# വിവാഹപൂർവ കൗൺസിലിംഗിന്നുള്ള കുറിപ്പുകൾ

സയ്യിദുനാ ഹദ്റത്ത്
ഖലീഫത്തുൽ മസീഹ് അൽഖാമിസ്
അയ്യദഹുല്ലാഹ്‌യുടെ നിർദ്ദേശങ്ങൾ

പ്രസാധനം
**നസാറത്ത് ഇസ്‌ലാഹ് – വ – ഇർശാദ് മർക്കസിയ്യാ**
(ഖാദിയാൻ,പഞ്ചാബ്)

# Notes For Premarital Counselling

*(Directions given by Hazrat Khalifatul Masih V^th^)*

# വിവാഹപൂർവ കൗൺസിലിംഗിനുള്ള കുറിപ്പുകൾ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ്**
**അൽഖാമിസ് അയ്യദഹുല്ലാഹ്‌യുടെ നിർദ്ദേശങ്ങൾ**

പ്രസാധനം

**നസാറത്ത് ഇസ്‌ലാഹ്-വ-ഇർശാദ് മർക്കസിയ്യാ**
**ഖാദിയാൻ,പഞ്ചാബ്**

# വിവാഹപൂർവ കൗൺസിലിംഗിനുള്ള കുറിപ്പുകൾ

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ്
അയ്യദഹുല്ലാഹ്യുടെ നിർദ്ദേശങ്ങൾ

VIVAHA POORVA
COUNSELLINGINULLA KURIPPUKAL
Sayyiduna Hadhrat Khalifatul Masih AlKhamis
(atba)yude Nirddesangal (malayalam)

(നോട്സ് ബരായെ കൗൺസിലിംഗ് ഖബ്ൽ അസ് ശാദി ഹിദായാത്ത് സയ്യിദുനാ ഹദ്റത്ത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്)
(Urdu)

Malayalam Translation :
H.Shamsuddin & P.K.Amnas Ahmad

1st Edition : 2016/ Copies : 500

Published By : Nazarat Islah-O-Irshad Markazia Qadian
Qadian 143516 Gurdaspur-Dt, Punjab-St, INDIA
On Behalh of Nazarat Nashr-O-Isha'at Qadian

Printing at : Fazl-E-Umar Printing Press Qadian

# പ്രസ്താവന

നുബുവ്വത്തിനു ശേഷം സച്ചരിത ഖിലാഫത്ത് വിശ്വാസികൾക്കും സൽപ്രകൃതരായ ആളുകൾക്കുമുള്ള അല്ലാഹുവിന്റെ വലിയൊരു ഔദാര്യമാണ്. നുബുവ്വത്തിനെ തുടർന്നു വരുന്ന ഖിലാഫത്ത്, ജീവിതത്തിലെ നിരവധി ഇരുൾമുറ്റിയ വഴികളിലുടെ നീങ്ങുന്നതിന്നുള്ള പ്രകാശഗോപുരമാണ്. കാലത്തിന്റെ ഖലീഫ ജീവിതത്തിന്റെ എല്ലാ വശങ്ങളേയും ശരീഅത്തും ദൈവാഭീഷ്ടവുമനുസരിച്ച് വ്യക്തമാക്കിക്കൊണ്ട് അതിനെ വിജയപ്രദവും ഫലപ്രദവുമാക്കാൻ പരിശ്രമിക്കുന്നു. ധാർമികവും ആത്മീയവും കുടുംബപരവും സാമൂഹികവും രാഷ്ട്രീയപരവുമായ ജീവിതത്തിന്റെ ശരിയും സത്യസന്ധവുമായ പഥങ്ങളിൽ നിലനിർത്തിക്കൊണ്ട് മാനവികപ്രശ്നങ്ങളിൽ സംശുദ്ധത വരുത്തുന്നതോടൊപ്പം ദൈവത്തോടുള്ള കടമകൾ നിറവേറ്റാൻ പ്രാർഥിക്കുകയും ശ്രദ്ധക്ഷണിക്കുകയും ചെയ്യുന്നു. ചുരുക്കത്തിൽ എല്ലാ തലത്തിലുമുള്ള അത്യുന്നതിക്കുള്ള ജാമ്യം ഖിലാഫത്ത് മത്രമാണ്.

വൈവാഹിക പ്രശ്നങ്ങൾ പൊതുവെ അതിലോലമാണ്. ഇക്കാര്യത്തിൽ ശരിയായ തത്വങ്ങളിൽ നിലകൊള്ളുന്നില്ലെങ്കിൽ ഒരുപാട് പ്രശ്നങ്ങൾ ഉടലെടുക്കുന്നതാണ്. എപ്പോഴും വഴക്കും വക്കാണവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. അതുകാരണം വീട്ടിലെ സമാധാനവും സ്വസ്തതയും നഷ്ടമാകുന്നു. അസ്വസ്തതകൾ എല്ലാ നിലക്കും അധോഗതിയിലേക്കും അവസാനം നാശത്തിലേക്കും നയിക്കുന്നു. അതിനുള്ള ഉദാഹരണങ്ങൾ എല്ലാ സമൂഹത്തിലും കാണാവുന്നതാണ്. അവർക്ക് ശരിയായ മാർഗദർശനം നൽകാൻ ആരുമില്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യാ ജമാഅത്തിൽ ഖിലാഫത്തുൻ അലാ മിൻഹാജിന്നുബുവ്വ: (പ്രവാചകത്തിന്റെ മാർഗത്തിലുള്ള ഖിലാഫത്ത്) എന്ന അതിമഹത്തായ സംവിധാനം നിലനിൽക്കുന്നു. ഖിലാഫത്തിന്റെ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി അഹ്മദിയ്യാ ജമാഅത്ത് അനുദിനം ജീവിതത്തിന്റെ സകല മേഖലയിലും പുരോഗതിയുടെ ശ്രേണികൾ താണ്ടിക്കൊണ്ടിരിക്കുന്നു.

വിവാഹബന്ധങ്ങൾ സുദൃഢമാകാനും സുസ്ഥിരമാകാനും നമ്മുടെ ഇമാം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹു ല്ലാഹ് മാർഗനിർദ്ദേശങ്ങൾ നൽകുകയും കൂടെക്കൂടെ നല്ലതും നന്മ യുമുള്ള ബന്ധങ്ങൾ ഉണ്ടാകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കു കയും നന്മസ്വായത്തമാക്കാൻ പ്രത്യേകം ശ്രദ്ധ ക്ഷണിക്കുകയും ചെയ്യുന്നു. അടുത്ത പേജുകളിൽ ഹുസൂർ തിരുമനസ്സ് പല സന്ദർ ഭങ്ങളിലായി മാരേജ് കൗൺസിലിംഗുമായി ബന്ധപ്പെട്ട് നൽകിയ സുപ്രധാന നിർദ്ദേശങ്ങളും അദ്ധ്യാപനങ്ങളും അനുവാചകർക്ക് മുന്നിൽ സമർപ്പിക്കുകയാണ്.

അല്ലാഹു ഈ ലഘുലേഖ എല്ലാ നിലക്കും പ്രയോജനപ്രദമാക്കട്ടെ. ആമീൻ.

നസാറത്ത് ഇസ്ലാഹ്-വ-ഇർശാദ് മർക്കസിയ്യാ ഖാദിയാന് ഹുസൂ ർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളടങ്ങിയ ഈ ലഘുലേഖ നസാറത്ത് നശ്റോ ഇശാഅത്ത് ഖാദിയാൻ മുഖേന പ്രസിദ്ധീകരിക്കാൻ സൗഭാഗ്യം ലഭിച്ചിരിക്കുകയാണ്.

നാസിർ നശ്റോ ഇശാഅത്ത് ഖാദിയാൻ

# ഉള്ളടക്കം


വിവാഹത്തിനുമുമ്പ് കൗൺസലിങ്ങ്
ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ :7
വിവാഹത്തിനു മുമ്പ് :8
നിക്കാഹിനുള്ള സമ്മതം :9
ഹഖ് മഹർ :9
ഭർത്തൃഗൃഹം :10
വിവാഹോപഹാരങ്ങൾ :11
വിവാഹ സമ്മാനങ്ങൾ :11
പരസ്പരമുള്ള ബാധ്യതകൾ :12
വ്യക്തിപരമായ കാര്യങ്ങളുടെ വിശദീകരണം :12
വിവാഹ ചടങ്ങ് :13
വിവാഹവേളയിൽ നല്കുന്ന ആഭരണങ്ങൾ :14
വിവാഹ സമ്മാനങ്ങൾ :14
മധുവിധു (ഹണിമൂൺ) :15
വരന്റെ മാതാപിതാക്കളോടൊപ്പമുള്ള താമസം :15
പുത്തൻശീലങ്ങളും രീതികളും :16
വീടുകളിലെ ചിട്ടവട്ടങ്ങളും ഇടപെടലുകളും :16
വീട്ടുകാരുടെ പ്രതീക്ഷകൾ :17
കുടുംബപ്രശ്നങ്ങൾ :17
പരസ്പരം വെച്ചു പുലർത്തുന്ന പ്രതീക്ഷകൾ :18
സൂക്ഷിക്കുക ബോധവാന്മാരായിരിക്കുക :22
ജീവിതപങ്കാളിയോടൊപ്പം മാറി താമസിക്കൽ :22
സാമ്പത്തികം :24
വീട്ടുചെലവുകൾ :24
അതിഥി സൽക്കാരം :25

ബന്ധുക്കളുമായുള്ള കൂടിക്കാഴ്ച :25
വിനോദയാത്രകൾ :25
കുട്ടികൾ :25
പണവും സ്വത്തും :26
ഹുസൂർ തിരുമനസ്സ്, കാനഡറിശ്ത്താനാത്താ
കമ്മിറ്റിക്കു നല്കിയ നിർദ്ദേശങ്ങൾ :27
ഹുസൂർ തിരുമനസ്സ്, യു.കെ.റിശ്ത്താനാത്താ
കമ്മിറ്റിക്കു നല്കിയ നിർദ്ദേശങ്ങൾ :34

# വിവാഹത്തിനുമുമ്പ് കൗൺസലിങ്ങ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

ദു:ആയോടുകൂടിയായിരിക്കണം ഇതിന്റെ ആരംഭം. ആദ്യമായി ഭാവി വധൂവരന്മാർ, അവിടെ സന്നിഹിതരായിരിക്കുന്നവർ എന്നിവരോട് നിങ്ങൾ സ്വയം പരിചയപ്പെടുത്തുക. നിക്കാഹ് ഖുതുബയിൽ തഖ്‌വ അഥവാ ദൈവഭയത്തെക്കുറിച്ച് അഞ്ചു തവണ പ്രതിപാദിക്കുന്നുണ്ടെന്നും വിവാഹത്തിന്റെ അടിസ്ഥാന ഘടകം തഖ്‌വയാണെന്നും പറഞ്ഞ് സംസാരം തുടങ്ങാവുന്നതാണ്. ഇന്റർവ്യു ഏകദേശം ഒരു മണിക്കൂർ ദൈർഘ്യമുള്ളതായിരിക്കണം. അതിൽ കവിയരുത്. കൗൺസിലിംഗ് കേവലം ഉപദേശം മാത്രമാകാതെ താൽപര്യജനകമായിരിക്കണം. പരസ്പരം സംവദിക്കുന്ന രീതിയാണ് അവലംബിക്കേണ്ടത്. നിർദേശങ്ങൾ മാത്രമായി ഒരുങ്ങരുത്.

**കുറിപ്പ് :**

മതവിശ്വാസങ്ങൾ പഠിപ്പിക്കുകയോ ഭാവിദമ്പതികൾക്കു ശിക്ഷണം നല്കുകയോ അവരുടെ ആത്മീയ നിലവാരം ഉയർത്തുകയോ അല്ല കൗൺസിലിംഗ് കൊണ്ടുദ്ദേശിക്കുന്നത്. വിവാഹബന്ധങ്ങളിൽ പൊതുവെ കാണപ്പെടുന്ന പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും അവയ്ക്കുള്ള പരിഹാരമാർഗങ്ങളും മനസ്സിലാക്കി കൊടുക്കുക എന്നതാണ് ഇതിന്റെ പരമപ്രധാനമായ ലക്ഷ്യം. ദീനീവിജ്ഞാനത്തിലുള്ള പുരോഗതി, ആത്മീയോന്നമനം എന്നിവ വേറെ കാര്യമാണ്. അവ ഭാര്യാഭർത്താക്കന്മാരുടെ നിലവാരമനുസരിച്ച് കൂടെക്കൂടെ ആർജിക്കാൻ കഴിയുന്നതുമാണ്.

**ആമുഖം:**

ഭാര്യാഭർത്താക്കന്മാരുടെ ഇടയിൽ പ്രശ്നങ്ങൾ വർദ്ധിച്ചുവരുന്നതിനാൽ അതേക്കുറിച്ച് ബോധവൽക്കരിക്കാനാണ് ഈ മീറ്റിംഗ്. നിങ്ങളുടെ അറിവിനും നിങ്ങളെ കാര്യങ്ങൾ ബോധ്യപ്പെടുത്തുന്നതിന്നും ഭാവിജീവിതത്തിന് നിങ്ങളെ തയ്യാറാക്കുന്നതിന്നും വേണ്ടിയാണ് ഇത് സംഘടിപ്പിച്ചിട്ടുള്ളത്.

## വിവാഹത്തിനു മുമ്പ്

(വിവാഹബന്ധങ്ങൾ അതു തുടങ്ങുന്നതിനുമുമ്പു തന്നെ അവസാനിക്കുന്ന ഒരുപാടു പ്രശ്നങ്ങൾ ഇന്ന് സാധാരണമായിരിക്കുന്നു എന്നത് ഞെട്ടിപ്പിക്കുന്ന ഒരു വസ്തുതയാണ്.)

വിവാഹത്തിനുമുമ്പുതന്നെ ഉടലെടുക്കുന്ന പ്രശ്നങ്ങളെക്കുറിച്ച് ബോധവാന്മാരായിരിക്കേണ്ടതാണ്. ഇത്തരം പ്രശ്നങ്ങൾ ആദ്യമെ രൂപപ്പെടുകയും വിവാഹാനന്തരം അവ പൊട്ടിത്തെറിയുണ്ടാക്കുകയും അങ്ങനെ വൈവാഹിക ബന്ധത്തെ ശിഥിലമാക്കുകയോ അതിൽ വിള്ളലുണ്ടാക്കുകയോ ചെയ്യുന്നു. രണ്ട് വ്യക്തികളുടെയും രണ്ടു കുടുംബങ്ങളുടെയും ഇടയിലാണ് വിവാഹം നടക്കുന്നത്. രണ്ടു കുടുംബങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ ദൂരീകരിക്കുന്നതിനെക്കാൾ എളുപ്പത്തിൽ രണ്ടു വ്യക്തികൾ തമ്മിലുള്ള പ്രശ്നങ്ങൾ ദൂരീകരിക്കാൻ സാധിക്കുന്നതാണ്. എന്തെന്നാൽ കുടുംബമാവുമ്പോൾ ഒരുപാട് പേരുണ്ടാകും. അവരുടെ രീതികളും സമ്പ്രദായങ്ങളും പ്രവൃത്തികളും ശീലങ്ങളുമൊക്കെ വർഷങ്ങളായി ഉള്ളതും ഉറച്ചുപോയതുമായിരിക്കും. ഇരുകുടുംബങ്ങളിലേയും ജീവിതസമ്പ്രദായങ്ങളെ പരസ്പരം നെരിട്ട് താരതമ്യം ചെയ്യുന്നതിന്ന് പകരം നിങ്ങൾ സ്വന്തം രീതിയും മാർഗവും സ്വായത്തമാക്കേണ്ടതാണ്. എന്നാൽ അതിനുമുമ്പേ ഇരുകുടുംബങ്ങളിലേയും അനിസ്ലാമികമല്ലാത്ത ജീവിതരീതിയും സ്വഭാവങ്ങളും സ്വീകരിക്കുകയോ സഹിക്കുകയോ ചെയ്യേണ്ടതാണ്.

**ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹ്) ചുവടെ ചേർത്തിരിക്കുന്ന കാര്യങ്ങളും കൗൺസിലിങ്ങിൽ ഉൾപ്പെടുത്താൻ നിർദേശിക്കുകയുണ്ടായി.**

ഏതെങ്കിലും ആൺകുട്ടിയോ പെൺകുട്ടിയോ ഏതെങ്കിലും അഹ്മദിയുമായി വിവാഹം കഴിക്കാൻ ആഗ്രഹിക്കുകയും എന്നാൽ വീട്ടുകാർ നിർദ്ദേശിച്ച വിവാഹത്തിന് നിർബന്ധിതരാകുകയുമാണെങ്കിൽ രക്ഷിതാക്കൾ കൂടുതൽ തടസ്സം സൃഷ്ടിക്കാതെ ദു:ആയും ഇസ്തിഖാറയും ചെയ്യുകയോ ചെയ്യിപ്പിച്ചതിനോശേഷം മക്കളുടെ ആഗ്രഹപ്രകാരമുള്ള വിവാഹത്തിൽ തൃപ്തരാകേണ്ടതാണ്. (2015 ജനുവരി 30)

## 1. നിക്കാഹിനുള്ള സമ്മതം

* ഈ വിവാഹത്തിന് നിങ്ങൾ രണ്ടുപേരും തൃപ്തരാണോ?
* നിങ്ങളിൽ ആരെയെങ്കിലും നിങ്ങളുടെ താൽപര്യത്തിന് വിരുദ്ധമായി വിവാഹത്തിന് നിർബന്ധിച്ചിട്ടുണ്ടോ?
* നിങ്ങളിൽ ആരെങ്കിലും മറ്റാരെങ്കിലുമായി വിവാഹം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ടോ? മറ്റാരെയെങ്കിലും സ്നേഹിക്കുന്നുണ്ടോ?

## 2. ഹഖ് മഹർ

*ഹഖ് മഹർ എന്നത് ഭർത്താവ് ഭാര്യക്കു നിർബന്ധമായും നല്കേണ്ടതാണ്. അത് നിശ്ചയിക്കപ്പെട്ടിട്ടുണ്ടോ? വിവാഹം നടന്ന ദിവസം മുതൽക്കേ ഭാര്യക്ക് ഹഖ് മഹർ അവകാശപ്പെട്ടതാണ്. അവൾക്ക് ഈ അവകാശം നിഷേധിക്കാൻ പാടുള്ളതല്ല. എന്നാൽ ചില പ്രത്യേക സാഹചര്യങ്ങളിൽ ദാറുൽ ഖസാക്കു അതു തടയാനാകുന്നതാണ്. ഹഖ് മഹർ നല്കാതിരിക്കാൻ ഉള്ള സന്ദർഭമെന്നത് ഭാര്യ സ്വന്തമായി (ഭർത്താവിന്റെ പക്ഷത്തു നിന്നുമുള്ള പ്രേരണയോ സമ്മർദ്ദമോ ഇല്ലാതെ) തന്നെ പൂർണ്ണ സമ്മതത്തോടുകൂടി അത് വേണ്ടെന്ന് വെക്കുകയോ അല്ലെങ്കിൽ മഹർ ലഭിച്ചശേഷം അത് മടക്കി ഏല്പിക്കുകയോ ചെയ്യുമ്പോഴാണ്.
* ഇരുകക്ഷികളും പരസ്പരധാരണയോടുകൂടിയാണോ ഹഖ് മഹർ നിശ്ചയിച്ചിട്ടുള്ളത്?
* ഇരുകക്ഷികളും ഹഖ് മഹറായി നിശ്ചയിക്കപ്പെട്ട തുക/ആഭരണത്തിൽ തൃപ്തരാണോ? (കൂടാതെ നിക്കാഹ് ഫോറം പൂരിപ്പിക്കുമ്പോൾ ഏതെങ്കിലും കക്ഷി അതിൽ മാറ്റം വരുത്തി എഴുതിയിട്ടുണ്ടോ?) ഇനി ഹഖ് മഹറിൽ(തുക/ആഭരണം) മാറ്റം വരുത്തിയിട്ടുണ്ടെങ്കിൽ അതിൽ ഇരുകക്ഷികൾക്കും സമ്മതമാണോ? പ്രശസ്തിക്കുവേണ്ടി മാത്രം വർദ്ധിപ്പിച്ചു കൊണ്ടുള്ള ഹഖ് മഹർ (പെണ്ണുവീട്ടുകാർ അതേക്കുറിച്ച് ഒരിക്കലും ആവശ്യപ്പെട്ടിട്ടില്ലെന്ന് ഉറപ്പു നല്കിയിട്ടുണ്ടെങ്കിൽ കൂടി) ഒരിക്കലും അംഗീകരിക്കപ്പെടുന്നതല്ല. ഇതിന്റെ അടിസ്ഥാനത്തിൽ ഒരിക്കലും നിക്കാഹ് വിളംബരപ്പെടുത്താവുന്നതല്ല.

# 3. ഭർത്തൃഗൃഹം

പൊതുവിൽ സമൂഹത്തിൽ നിലനിൽക്കുന്നത് വധുവിനെ (പിതൃ ഗൃഹത്തിൽ നിന്നും) വിവാഹാനന്തരം ഭർത്താവിന്റെ വീട്ടിലേക്ക് കൂട്ടിക്കൊണ്ടുവരികയും അവിടെ സ്ഥിരതാമസമാക്കുകയുമാണ് പതിവ്. എന്നാൽ ചിലപ്പോൾ പരസ്പരധാരണയോടും സമ്മത ത്തോടും കൂടി ഇക്കാര്യത്തിൽ മാറ്റമുണ്ടാകാറുണ്ട്. പെണ്ണ് ഭർത്താ വിന്റെ മാതാപിതാക്കളുടെ വീട്ടിൽ അവരോടൊപ്പം താമസിക്കുന്ന താണെന്നും അതായിരിക്കും അവളുടെ ഭർത്തൃഗൃഹമെന്നും വ്യ ക്തമായിട്ടുണ്ടോ? ഇക്കാര്യത്തിൽ അവ്യക്തത ഒരിക്കലും ഉണ്ടാ കരുത്.

ഭർത്താവിന്റെ മാതാപിതാക്കളോടൊപ്പം താമസിക്കേണ്ടത് ഏതെ ങ്കിലും നിശ്ചിതകാലയളവ് മാത്രംമതി എന്ന് പരസ്പരധാരണയോ പരസ്പര സമ്മതമോ ഉണ്ടായിട്ടുണ്ടോ? അങ്ങനെയില്ലെങ്കിൽ അവിടെ നീണ്ട കാലയളവുവരെ അല്ലെങ്കിൽ നിശ്ചിത കാലം വരെ താമസിക്കേണ്ടി വരുമെന്ന് തുടക്കത്തിൽ തന്നെ വ്യക്തമാക്കേണ്ട താണ്. ഇരുകക്ഷികൾക്കും ഇക്കാര്യം വ്യക്തമായാൽ മാത്രംപോര, മറിച്ച് അവർക്ക് പൂർണ സമ്മതമുണ്ടാകേണ്ടതും അനിവാര്യമാണ്. ഭർത്താവിന്റെ വീടും അയാളുടെ മാതാപിതാക്കളുടെ വീടും വെവ്വേ റെയായിരിക്കും എന്ന മുൻധാരണയോ പരസ്പരസമ്മതമോ ഉണ്ടായിട്ടുണ്ടോ? അങ്ങനെയെങ്കിൽ ആ വീട്ടിലെ സാധനസാമ ഗ്രികൾ (ഫർണിച്ചറുകൾ മുതലായവ) വാങ്ങുന്നതിനെ സംബ ന്ധിച്ച് എന്തെങ്കിലും പ്രതീക്ഷ നൽകിയിട്ടുണ്ടോ? പൊതുവെ അടു ക്കളയിലെ പാത്രങ്ങളും മറ്റും നല്കുക പെൺവീട്ടുകാരാണ് നൽകു കയെന്ന് പ്രതീക്ഷിക്കപ്പെടുന്നു. അതുകൂടാതെ (സുന്നത്തിന്റെ അടിസ്ഥാനത്തിൽ) ബെഡ്റൂം ഫർണിച്ചറുകൾ നല്കേണ്ടതും പെ ൺവീട്ടുകാരുടെ ബാധ്യതയാണെന്നും ബാക്കിയുള്ള വസ്തുക്കൾ (മേശ, കസേരകൾ, സോഫ, വൈദ്യുതോപകരണങ്ങൾ എന്നിവ) ഭർത്താവിന്റെ വീട്ടുകാരുടെ ബാധ്യതയിൽപെട്ടതാണെന്നും കരു തപ്പെടുന്നു. ഇതിൽ നിന്നും വ്യത്യസ്ത നിലപാട് കൈക്കൊള്ളു ന്നുവെങ്കിൽ അത് പൂർണമായും സ്വന്തം ഇഷ്ടപ്രകാരമുള്ളതായി രിക്കണം. ഇക്കാര്യത്തിൽ ഒരു കക്ഷി മറ്റൊരു കക്ഷിക്കുമേൽ യാ തൊരുവിധ സമ്മർദ്ദവും ചെലുത്താൻ പാടുള്ളതല്ല. ഏതെങ്കിലും

കക്ഷിക്ക് ഇക്കാര്യത്തിൽ അകാരണമായി സമ്മർദ്ദമുണ്ടായി എന്നു തോന്നിയിട്ടുണ്ടോ? ഇത്തരം കാര്യങ്ങളിൽ അവർ സന്തുഷ്ടരാണോ? അല്ലെങ്കിൽ വിവാഹത്തിനു മുമ്പുതന്നെ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ താല്പര്യപ്പെടുന്നുണ്ടോ?

## 4. വിവാഹോപഹാരങ്ങൾ

വിവാഹോപഹാരങ്ങൾ എന്നതിന്റെ വിവക്ഷ വധു വിവാഹാനന്തരം തന്റെ പുതിയ വീട്ടിലേക്കു കൊണ്ടു വരുന്ന സാധനങ്ങൾ എന്നാണ്. തിരുനബി(സ) ഹ:ഫാത്തിമ(റ.അ)യുടെ വിവാഹാവസരത്തിൽ അടുക്കളസാധനങ്ങളും കിടക്കയും മറ്റും കൊടുക്കുകയുണ്ടായി. ഈ പരിധിയിലാണ് സ്ത്രീധനം വരുന്നത്.

(i) ഏതെങ്കിലും കക്ഷിയുടെമേൽ അവരുടെ ഇഷ്ടത്തിനു വിപരീതമായി എന്തെങ്കിലും നല്കാൻ നിർബന്ധം ചെലുത്തുന്നുണ്ടോ? വിവാഹോപഹാരങ്ങൾ സ്വന്തം ഇഷ്ടപ്രകാരം നൽകേണ്ടതാണ്.

(ii) വിവാഹോപഹാരങ്ങൾ നല്കുന്നത് മേൽക്കോയ്മ സ്ഥാപിക്കാൻ വേണ്ടിയാണോ? അതല്ല അത്യാവശ്യങ്ങൾ പരിഗണിച്ചുകൊണ്ടാണോ? ഓർക്കുക! ഭയഭക്തിയെ മുൻനിറുത്തി ചെയ്യുന്ന പ്രവൃത്തികൾ മുഖേന മാത്രമെ അല്ലാഹുവിന്റെ അനുഗ്രഹം നേടാനാകുകയുള്ളു.

(iii) വധൂവരന്മാരുടെ സ്വന്തമായ വീട്ടുതാമസത്തിനു വേണ്ടിയാണോ വിവാഹോപഹാരമായി ഭീമമായ സംഖ്യ നല്കുന്നത്? രണ്ടു കൂട്ടരും ഇക്കാര്യത്തിൽ സന്തുഷ്ടരും സംതൃപ്തരുമാണോ? ചില സന്ദർഭങ്ങളിൽ പിന്നീട് വിവാഹബന്ധങ്ങൾ ശിഥിലമാകാനുള്ള കാരണം ഭർത്താവ് ഒന്നിനും കൊള്ളാത്തവനും കുടുംബത്തിനെ പുലർത്താൻ പക്വതയില്ലാത്തവനുമായി കണക്കാക്കി ഭാരിച്ച വിവാഹോപഹാരങ്ങൾ നല്കി എന്ന ചിന്ത ഭർത്താവിനുണ്ടാവുന്നതുകൊണ്ടാണ്.

(iv) പെൺവീട്ടുകാർക്ക് (സുന്നത്തിന്റെ അടിസ്ഥാനത്തിൽ) വിവാഹോപഹാരം നല്കാൻ പറ്റാതെ വരുന്നുവെങ്കിൽ അത് സാമ്പത്തിക പ്രതിസന്ധി കാരണമോ വിദേശരാജ്യങ്ങളിൽ നിന്നും വരേണ്ടിവന്ന കാരണത്താലോ മറ്റെന്തെങ്കിലും കാരണത്താലോ ആയിക്കൊള്ളട്ടെ, ഇക്കാര്യം ഭർത്താവിന്റെ ആളുകൾ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്തിട്ടുണ്ടോ? അഥവാ ഇക്കാര്യം

പിന്നീട് പ്രശ്നങ്ങൾക്കു വഴിവെക്കുന്നതാണെങ്കിൽ കല്യാണവുമായി മുമ്പോട്ടു പോകുന്നത് നല്ലതല്ല.

## 5. പരസ്പരമുള്ള ബാധ്യതകൾ

(i) രണ്ടു കൂട്ടരുടെ ഇടയിലും ഇതു സംബന്ധമായി മുമ്പേ ചർച്ച നടന്നിട്ടുണ്ടെങ്കിൽ അതേക്കുറിച്ച് ചോദിച്ച് അറിഞ്ഞിരിക്കേണ്ടതാണ്. വധുവിൽനിന്നും എന്താണ് പ്രതീക്ഷിക്കുന്നത്? അതായത് അവൾ വീട്ടുജോലികൾ, ഭക്ഷണം പാകംചെയ്യുക, വീട് വൃത്തിയാക്കുക തുടങ്ങിയവ ചെയ്യാൻ തയാറാണോ? ഭർത്താവിൽ നിന്നും എന്തൊക്കെ പ്രതീക്ഷിക്കാം? അതായത് ജോലിക്ക് പോവുക, വീട്ടിലെ കാര്യങ്ങളിൽ സഹായിക്കുക തുടങ്ങിയ ചെയ്യാൻ സന്നദ്ധനാണോ? രണ്ടുകൂട്ടരും തങ്ങളുടെ പ്രതീക്ഷിക്കപെടുന്ന ഉത്തരവാദിത്വങ്ങളിൽ തൃപ്തരാണോ? പിന്നീട് കലഹങ്ങൾക്കു വഴിയൊരുക്കുന്ന കാര്യങ്ങൾ ഉണ്ടാകരുത്. ഉദാഹരണത്തിന് വീട്ടിൽ ജോലി ചെയ്യാൻ പ്രാപ്തരായ സഹോദരിമാരും ജ്യേഷ്ഠസഹോദരങ്ങളും അവരുടെ ഭാര്യമാരും ഉണ്ടായിരിക്കെ നവവധു തന്നെ വീട്ടിലെ എല്ലാവർക്കും വേണ്ടി ഭക്ഷണം പാകം ചെയ്യുകയും വസ്ത്രങ്ങൾ അലക്കുകയും മുഴുവനായും വീടുവൃത്തിയാക്കുകയും ചെയ്യണമെന്ന് പ്രതീക്ഷവെച്ചു പുലർത്തുന്നുണ്ടോ? അപ്രകാരംതന്നെ ഭർത്താവ് ഭാര്യയെ അവധി ദിനങ്ങളിൽ ഉല്ലാസയാത്രക്കു കൊണ്ടുപോകുമെന്നും മറ്റും പ്രതീക്ഷ വെച്ചു പുലർത്തുന്നുണ്ടോ?

(ii) ഭർതൃഗൃഹത്തിലെ ഏതെങ്കിലും സ്ഥിരരോഗിയായ വ്യക്തിയെ ശുശ്രുഷിക്കുമെന്നു ഭാര്യയിൽനിന്നും പ്രതീക്ഷിക്കുന്നുണ്ടോ? (ഒരു നേഴ്സെന്ന പോലെയോ മറ്റോ) ഭർത്താവ് ഭാര്യയുടെ വീട്ടിൽ പെട്ടെന്നുവരുന്ന സാമ്പത്തിക ആവശ്യങ്ങളിൽ സഹായിക്കണമെന്ന് കരുതുന്നുണ്ടോ?

### വ്യക്തിപരമായ കാര്യങ്ങളുടെ വിശദീകരണം

**1.** ഇരുകൂട്ടർക്കും പരസ്പരം വ്യക്തിപരമായ കാര്യങ്ങൾ അറിയാമോ? ഉദാഹരണത്തിന്

1.1. ആരോഗ്യം: സ്ഥിരമായുണ്ടായിരുന്ന അല്ലെങ്കിൽ ഇപ്പോഴുള്ള ആരോഗ്യപ്രശ്നത്തെ സംബന്ധിച്ച് തന്റെ പങ്കാളിയോടു പറഞ്ഞിട്ടുണ്ടോ? ഉദാഹരണത്തിന് അപസ്മാരം (മരുന്നു കഴിക്കുന്നതി

നാൽ ഇപ്പോൾ അതു നിയന്ത്രണവിധേയമാണെങ്കിൽ കൂടി) വല്ല സ്ഥിരരോഗങ്ങളുമുണ്ടോ? ഉദാ: വിഷാദം, പ്രമേഹം, തയ്റോയിഡ്, മാനസികരോഗം, മുമ്പേ നടന്ന ശസ്ത്രക്രിയകൾ, ശരീരത്തിലെ പാടുകൾ എന്നിവ. ഓർക്കുക! ഇത്തരം കാര്യങ്ങൾ വിശ്വാസ്യത യോടെ പറയാതിരുന്നാൽ വിവാഹബന്ധം വഷളാകാനും വേർപെ ടാനുമുള്ള സാധ്യതയുണ്ട്.

1.2. മുൻവിവാഹങ്ങൾ , ഭാര്യമാർ(പുരുഷന്) മക്കൾ, മുൻവിവാഹ നിശ്ചയങ്ങൾ തുടങ്ങിയവ.

1.3. ദു:ശീലങ്ങൾ : പുകവലി, മുമ്പുണ്ടായിരുന്ന മദ്യപാനം, ലഹ രിമരുന്നുപയോഗം തുടങ്ങി മുൻകാലങ്ങളിൽ ഉണ്ടായിരുന്നതും മറ്റുള്ളവർക്ക് അറിവുള്ളതുമായ ദു:ശീലങ്ങൾ തന്റെ ഭാവി പങ്കാ ളിയോട് തുറന്നുപറയുന്നതായിരിക്കും ഉത്തമം. അല്ലാത്ത പക്ഷം പിന്നീട് ഇക്കാര്യങ്ങൾ അറിയാനും വിശ്വാസ്യത നഷ്ടപ്പെടാനും തുറന്നു പറയാതിരുന്ന കാരണത്താൽ വിവാഹബന്ധം തകരാനും സാധ്യതയുണ്ട്.

**2.** ജോലി അഥവാ ഉപജീവനമാർഗം : നിങ്ങൾ എവിടെ എന്തു ജോലി ചെയ്യുന്നുവെന്നു സത്യസന്ധമായി പറയുക.

**3.** പെൺകുട്ടി ജോലിചെയ്യാൻ താൽപര്യപ്പെടുന്നുവെങ്കിൽ അതു പറയുക.

**4.** കുട്ടികൾ വേഗം അല്ലെങ്കിൽ വൈകി ഉണ്ടാകുന്നതിലുള്ള താത് പര്യം.

**5.** ഭാര്യാവീട്ടുകാർ സ്ഥിരമായി സന്ദർശിക്കാൻ വരുന്നതിലുള്ള ഇഷ്ടം അല്ലെങ്കിൽ അനിഷ്ടം.

**6.** ജമാഅത്തിപരമായ ജോലികളിൽ പങ്കെടുക്കുന്നതിലുള്ള താല് പര്യം അല്ലെങ്കിൽ അനിഷ്ടം.

**7.** നമസ്കാരത്തിനും ജമാഅത്തിന്റെ പ്രോഗ്രാമുകളിലും കൃത്യമാ യി പങ്കെടുക്കുന്നതിനെക്കുറിച്ചുള്ള അഭിപ്രായം.

**8.** ചന്ദ കൊടുക്കുന്നതിലും ജമാഅത്തീ ജോലികളിലുള്ള ശുഷ് കാന്തി.

# 6. വിവാഹ ചടങ്ങ്

1. കല്യാണ വേളകളിലുള്ള ചില ആചാരങ്ങളും ചടങ്ങുകളും ചില കുടുംബങ്ങളിൽ സർവസാധാരണമാണെങ്കിലും മറ്റുചില കുടുംബ

ങ്ങൾ അവയെ തെറ്റായി കണക്കാക്കാറുണ്ട്. ഉദാ: ഒരു കുടുംബം മറ്റേ കുടുംബത്തിലെ എല്ലാവർക്കും സമ്മാനം നൽകുന്നത്.
2. വിവാഹ ചടങ്ങുകളിൽ അതായത് റുഖ്സത്തി (വീട്കൂടൽ) വലീമ (വരൻ നൽകുന്ന സൽക്കാരം) എന്നിവയിൽ ആരെയൊക്കെ ക്ഷണിക്കണം/ക്ഷണിക്കാതിരിക്കണം.
3. ബാറാത്ത് (വരനും സംഘവും വധുവിനെ കൊണ്ടുവരാൻ പോകുന്നത്)

# 7. വിവാഹവേളയിൽ നല്കുന്ന ആഭരണങ്ങൾ

പൊതുവെ വിവാഹാവസരത്തിൽ നല്കപ്പെടുന്ന ആഭരണങ്ങൾ (ഇതേക്കുറിച്ച് ആദ്യമേ പരസ്പരം വ്യക്തമാക്കിയിട്ടുണ്ടെങ്കിലൊഴികെ) വിവാഹക്കരാറിൽ ഉൾപ്പെട്ടതായി കണക്കാക്കുന്നതാണ്. ഓർക്കുക, നിർഭാഗ്യവശാൽ പിന്നീട് വിവാഹബന്ധം തകരാനിടയായാൽ ഇവയൊക്കെ തിരിച്ചേല്പ്പിക്കേണ്ടി വരുന്നതാണ്. എന്നാൽ വിവാഹം സുസ്ഥിരമായിക്കഴിഞ്ഞാൽ അവ ഭാര്യയുടെതായി മാറുന്നു. അവർക്ക് അത് തന്റെ ഇഷ്ടപ്രകാരം വിനിയോഗിക്കാവുന്നതാണ്.

## വിവാഹ സമ്മാനങ്ങൾ

വിവാഹാവസരങ്ങളിൽ നല്കപ്പെട്ട സമ്മാനങ്ങൾ പൊതുവെ സമ്മാനങ്ങളായിത്തന്നെ ഗണിക്കപ്പെടുന്നതാണ്. അത് ലഭിക്കുന്നവരുടെ ഉടമസ്ഥതയിലായിരിക്കുന്നതാണ്. അവർക്ക് അത് ഇഷ്ടാനുസരണം ഉപയോഗിക്കാവുന്നതുമാണ്. എന്നാൽ ഭർത്താവിന്റെ വീട്ടുകാർ നല്കുന്ന സമ്മാനങ്ങൾക്കു പ്രാധാന്യം നല്കേണ്ടതാണ്. ഉദാഹരണത്തിന് ഭർത്താവിന്റെ മാതാവ് നല്കിയ വസ്ത്രം/സമ്മാനം, ഇഷ്ടപ്പെട്ടാലും ഇല്ലെങ്കിലും ഒരു തവണയെങ്കിലും ധരിക്കേണ്ടതാണ്. അപ്രകാരം തന്നെ ഇരുകുടുംബക്കാരും നൽകിയ വസ്ത്രങ്ങൾ, അവ നല്കിയവർ കാണുംവിധം ധരിക്കേണ്ടതാണ്. ഓർക്കുക, നിങ്ങളുടെ ഇഷ്ടാനിഷ്ടങ്ങളെ കുറിച്ച് മറുഭാഗത്തുള്ളവർക്ക് അറിവുണ്ടായിരിക്കണമെന്നില്ല. അവർ തങ്ങളുടെ കഴിവിൽ പെട്ടിടത്തോളം ഉത്തമമായതാണ് നിങ്ങൾക്കു നല്കിയിരിക്കുക. അവയെ വിലമതിക്കാതിരിക്കുന്നത് തുടക്കത്തിൽ തന്നെ നിങ്ങളെക്കുറിച്ച് മോശമായ പ്രതീതി ഉളവാക്കുന്നതാണ്. മനസ്സു

റപ്പോടെ ഇഷ്ടക്കേട് മറച്ചുവെച്ച്കൊണ്ട് അവ ഉപയോഗിക്കണം. അങ്ങനെ നിങ്ങൾ മറ്റുള്ളവരുടെ മുമ്പാകെ അവരുടെ സമ്മാനത്തെ വിലമതിക്കുന്നവരായി തീരുന്നതാണ്.

## 8. മധുവിധു (ഹണിമൂൺ)

1. ഇത് മുമ്പേ തീരുമാനമായിട്ടുണ്ടോ? അതോ സർപ്രൈസ് ആക്കാനാണോ ഉദ്ദേശ്യം? എന്തായാലും ഹണിമൂണിനു പോകുന്നില്ലെങ്കിൽ അത് സർപ്രൈസ് ആക്കിവെക്കരുത്. സാമ്പത്തികം അതിന് അനുവദിക്കുന്നില്ലെങ്കിൽ മുമ്പേതന്നെ അക്കാര്യം വ്യക്ത മാക്കേണ്ടതാണ്. അതിൽ നാണിക്കേണ്ട കാര്യമൊന്നുമില്ല. ഇത്തരം കാര്യങ്ങളിൽ വ്യക്തത ഇല്ലാതാകുമ്പോൾ ഭാവിയിൽ പ്രശ്നങ്ങൾ ഉടലെടുക്കാവുന്നതാണ്.

2. രാജ്യം വിട്ട് ഹണിമൂണിനു പോകാനാണു പദ്ധതിയെങ്കിൽ പാസ്പോർട്ട്, മെഡിക്കൽ എന്നിവയെല്ലാം തയ്യാറാണോ എന്നു പരിശോധിക്കുക. വിദേശത്തേക്കു പോകേണ്ടതാണെന്നു യാതൊരു മുന്നറിയിപ്പും നല്കാതെ പെൺകുട്ടി സ്വയം അതെല്ലാം ഒരുക്കി വെച്ചിട്ടുണ്ടാകുമെന്നു വരൻ പ്രതീക്ഷിക്കാൻ പാടില്ല.

## 9. വരന്റെ മാതാപിതാക്കളോടൊപ്പമുള്ള താമസം

1. ആദ്യത്തെ കുറച്ചു ദിവസങ്ങൾ

1.1. പെൺകുട്ടി അതിഥിയാണ്. അവളെ നന്നായി ശ്രദ്ധിക്കുക.

1.2. അവൾ വന്ന ഉടൻ തന്നെ വീട്ടിലെ പണികൾ ചെയ്യുമെന്ന് പ്രതീക്ഷിക്കരുത്.

1.3. വീട്ടുകാരെല്ലാവരും തന്നെ അവളെ നല്ലവണ്ണം വരവേല്ക്കണം.

1.4. പെൺകുട്ടി, തന്റെ വീട്ടിലെ സുഖസൗകര്യങ്ങളൊക്കെ ഒഴിവാക്കിവന്നതിന്റേയും മാതാപിതാക്കളിൽ നിന്നും അകന്നുനില്ക്കുന്നതിന്റേയും വിഷമത്തിലായിരിക്കും. ഇക്കാര്യം മനസ്സിലാക്കിക്കൊണ്ട് അനുകമ്പയോടുകൂടി അവളോടു പെരുമാറേണ്ടതാണ്. ഈ സന്ദർഭത്തിൽ സഹതാപം കാട്ടാതിരുന്നാൽ ഭർതൃവീട്ടുകാർ കാഠിന്യമുള്ളവരും നിർദാക്ഷിണ്യമുള്ളവരുമായി ഗണിക്കപ്പെടാൻ ഇടയാക്കും. ആയതിനാൽ ഏതായാലും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

1.5. ഭർത്താവല്ലാതെ മറ്റാരും തന്നെ പെൺകുട്ടിയോട് വീട്ടിലെ എന്തെങ്കിലും പണിയെടുക്കാൻ പറയരുത്. പ്രത്യേകിച്ചും ഭർതൃമാതാവും ഭർതൃസഹോദരിമാരും ഇക്കാര്യത്തിൽ ശ്രദ്ധിക്കണം. ഈ വക കാര്യങ്ങൾ സംഭാഷണരീതിയിലായിരിക്കണം പറയേണ്ടത്. കാഠിന്യത്തോടെയോ വേലക്കാരിയോടെന്ന പോലേയോ ആകരുത്. ഓർക്കുക, പെൺകുട്ടിയെ പുതിയ വീട്ടിലെ അന്തരീക്ഷവുമായി സാവകാശവും യുക്തിപൂർവവും സൗമ്യമായും ഭാഗഭാക്കാക്കേണ്ടതാണ്. അല്ലാതെ നിർബന്ധപൂർവം വീട്ടിലെ ഒരംഗമാക്കാൻ ശ്രമിക്കരുത്.

1.6. വീട്ടിലെ ജോലികൾ, എല്ലാവരും ചെയ്യുന്ന നിലയിൽ നീതിയുക്തം വീതിച്ചുകൊണ്ട് എല്ലാവരേയും വിടിന്റെ കാര്യങ്ങളിൽ ഭാഗഭാക്കാക്കേണ്ടതാണ്. വിവാഹിതയായി വരുന്ന പെൺകുട്ടി അവിടെ വേലക്കാരിയായിട്ടല്ല വന്നിട്ടുള്ളത്.

*2. പുത്തൻശീലങ്ങളും രീതികളും*

വ്യത്യസ്ത കുടുംബങ്ങളിൽ വ്യത്യസ്ത രീതികളായിരിക്കും ഉണ്ടായിരിക്കുക. മറുകക്ഷിയുടെ പ്രവർത്തനരീതികൾ നിങ്ങളിൽ നിന്നും വിഭിന്നമാണെങ്കിൽ അവരുടെ മേൽ സ്വന്തം രീതികൾ അടിച്ചേൽപ്പിക്കാൻ ശ്രമിക്കരുത്. അവരെ പരിഹസിക്കുകയുമരുത്. എല്ലായ്പ്പോഴും ബഹുമാനത്തോടും ബുദ്ധിയോടും യുക്തിയോടും കൂടി പെരുമാറുക.

*3. വീടുകളിലെ ചിട്ടവട്ടങ്ങളും ഇടപെടലുകളും*

പല വീടുകളിലും പലതരത്തിലുള്ള ചിട്ടവട്ടങ്ങളായിരിക്കും. ചില വീടുകളിൽ എല്ലാ തീരുമാനങ്ങളും എടുക്കുന്നത് മാതാവായിരിക്കും എന്നാൽ മറ്റു ചില വീടുകളിൽ മൂത്തമകനോ പിതാവോ ആയിരിക്കും. മറ്റൊരു കാര്യം ശ്രദ്ധിക്കാനുള്ളത്, ചില വീടുകളിൽ ചില പ്രത്യേകകാര്യങ്ങൾ ഒരു വ്യക്തി തന്നെയായിരിക്കും തീരുമാനിക്കുന്നത്. ഭാര്യാഭർത്താക്കന്മാർ രണ്ടുപേരും തുടക്കത്തിൽ തന്നെ ഇക്കാര്യങ്ങൾ മനസ്സിലാക്കുകയും ഉൾക്കൊള്ളുകയും അത് മാനിക്കുകയും ചെയ്യേണ്ടതാണ്. തങ്ങളുടെ രീതികൾ മറ്റുള്ളവരിൽ നടപ്പിലക്കാൻ ശ്രമിക്കരുത്. വിവാഹബന്ധം സുദൃഢമായി കുറേ കഴിഞ്ഞ് അതിനും സമയം വന്നെത്തുന്നതാണ്. ഈ ഉപദേശം ഭാര്യാഭർത്താക്കന്മാർ രണ്ടുപേർക്കും ഒരുപോലെ ബാധകമാണ്.

*4. വീട്ടുകാരുടെ പ്രതീക്ഷകൾ*

1) ആദ്യദിനങ്ങളിൽ പെൺകുട്ടി വധുവായും ചെക്കൻ വരനായും തുടരേണ്ടതാണ്. പെൺകുട്ടി രാവിലെ തന്നെ തയ്യാറായി നല്ല വസ്ത്രങ്ങൾ ധരിക്കേണ്ടതാണ്. അതുപോലെ ചെക്കനും മരുമകനെന്ന നിലക്ക് ഉത്തരവാദിത്വങ്ങൾ നിറവേറ്റേണ്ടതും ഭാര്യാവീട്ടുകാരോട് ആദരവോടെ പെരുമാറുകയും വേണ്ടതാണ്.

2) ഭാര്യഭർതൃവീട്ടുകാർ നൽകിയ സമ്മാനങ്ങളെ വിലമതിക്കേണ്ടതാണ്. ഭർതൃവീട്ടിൽ നിന്ന് ലഭിച്ച് വസ്ത്രങ്ങളും മാലയും ധരിക്കുന്നത് കേവലം സൽസ്വഭാവം മാത്രമല്ല അത് നല്ല പ്രഭാവം ചെലുത്തുന്നതുമാണ്.

3) ഭർതൃമാതാപിതാക്കളെ മരുമകൾ നല്ലവണ്ണം ബഹുമാനിക്കേണ്ടതാണ് അതുപോലെ മകൻ തന്റെ മാതാപിതാക്കളെ നല്ല രീതിയിൽ ആദരിക്കേണ്ടതും ഭാര്യ വന്ന ശേഷം അതിൽ കുറവുണ്ടാകാൻ ഇടവരുത്തുകയുമരുത്. ഭാര്യ ഭർത്താവിന്റേയും ഭർത്താവു ഭാര്യയുടേയും മാതാപിതാക്കളെ ആദരിക്കുകയും അവരോട് നല്ല നിലയിൽ വർത്തിക്കുമെന്ന് പ്രതീക്ഷിക്കപ്പെടുകയും ചെയ്യുന്നു.

*5. കുടുംബപ്രശ്നങ്ങൾ*

1) പലഘട്ടത്തിലും രണ്ടുപേരുടെയും മാതാപിതാക്കൾക്ക് തങ്ങളുടെ മക്കളെ നഷ്ടമാകുന്നു എന്ന ചിന്ത തീർച്ചയായും ഉടലെടുക്കുന്നതാണ്. കാരണം അവരുടെ മക്കൾ ഇനി അവരുടെ മക്കൾ മാത്രമല്ല, മറിച്ച് മറ്റൊരാളുമായിക്കൂടി ബന്ധമുള്ള ആളായിരിക്കുന്നു. അത് പ്രതീക്ഷിക്കപ്പെട്ടതാണെന്നു അവർ  മനസ്സിലാക്കേണ്ടതാണ്. അങ്ങനെ ഇക്കാര്യം അനുഭവപ്പെടുമ്പോൾ അതിൽ ദേഷ്യമോ വൈമനസ്യമോ ഉണ്ടാകേണ്ടതില്ല. പ്രത്യുത ക്ഷമ കൈകൊള്ളേണ്ടതാണ്. അത്തരം ഒരവസ്ഥക്കു പരിഹാരം ഉണ്ടാക്കാനുള്ള ഏറ്റവും ഉചിതമായ മാർഗം അവർ ആ കുടുംബത്തിന്റെ തന്നെ ഭാഗമായിമാറുകയാണ്. ഇത് ഭാര്യാഭർത്താക്കന്മാർ രണ്ടുപേർക്കും അനിവാര്യമാണ്.

2) പൊതുവെ ഭർതൃസഹോദരിമാരിമാരുമായുള്ള  ഇടപെടലിൽ പ്രശ്നങ്ങളുണ്ടാകുന്നു. തന്റെ സഹോദരൻ മറ്റൊരാളുമായി അടുക്കുന്നത് വിഷമം ജനിപ്പിക്കുന്നു. അതിനെ മറികടക്കനുള്ള നല്ല പോംവഴി അക്കാര്യം അവഗണിക്കുകയാണ്. അവരുമായി സൗഹാർദം ഉണ്ടാക്കാൻ ശ്രമിക്കുക. ഇരുകൂട്ടർക്കും ഒരുപോലെ ഇഷ്ടപെട്ട

കാര്യങ്ങൾ കണ്ടെത്തുവാൻ ശ്രമിക്കുക. അങ്ങനെ സൗഹൃദം വളർത്തിയെടുക്കേണ്ടതുമാണ്.

*6. പരസ്പരം വെച്ചു പുലർത്തുന്ന പ്രതീക്ഷകൾ*

**1) വിശ്വാസം:** ജീവിതത്തിൽ ഒരു പുതിയ സുഹൃത്ത് വന്നിരിക്കുകയാണ്. നിങ്ങൾ തമ്മിലുള്ള എല്ലാ രഹസ്യങ്ങളും സ്വകാര്യതയും അങ്ങനെതന്നെ നിലനിർത്തുക. അതായത് മാതാപിതാക്കൾ, സഹോദരിസഹോദരന്മാർ എന്നിവരേക്കാൾ ഇനി ജീവിത പങ്കാളിയായിരിക്കണം അധികം വിശ്വസ്ത/വിശ്വസ്തൻ. ഓർക്കുക, ഈ വിശ്വാസം ഒരിക്കലും തകരാൻ അനുവദിക്കരുത്.

**2) ബഹുമാനം:** നിങ്ങൾക്ക് സ്വന്തമായ ഇഷ്ടാനിഷ്ടങ്ങളും അഭിരുചികളുമെല്ലാം ഉണ്ടാകാം. അവയെ മാനിക്കാൻ നിങ്ങൾക്ക് അവകാശവുമുണ്ട്. അതുപോലെ തന്നെ നിങ്ങളുടെ ജീവിതപങ്കാളിക്കും അതേ അവകാശങ്ങളുണ്ട്. നിങ്ങൾ രണ്ടുപേരും രണ്ടു വ്യത്യസ്ത വ്യക്തികളാണ്. ഒരുമിച്ചു ജീവിക്കാൻ തുടങ്ങുന്നതേയുള്ളൂ. പരസ്പരം നന്നായി അറിയാനും ഇഷ്ടാനിഷ്ടങ്ങൾ പങ്കുവെക്കാനും സമയമെടുക്കുന്നതാണ്.

**3) പരസ്പര ധാരണ:** ഭാര്യ ഭർത്താക്കന്മാർ പരസ്പരം ബുദ്ധിമുട്ടുകളും പ്രയാസങ്ങളും മനസ്സിലാക്കാൻ ശ്രമിക്കണം. അതായത് രണ്ട് ആളുകൾ തമ്മിൽ ബന്ധിക്കുമ്പോൾ ഉണ്ടായേക്കാവുന്ന പ്രയാസങ്ങൾ. പരസ്പരധാരണ എന്നതുകൊണ്ടുദ്ദേശിക്കുന്നത് ഒരാൾ മറ്റൊരാൾക്ക് തന്നിൽ മാറ്റംവരുത്താൻ സമയവും സന്ദർഭവും നല്കുക എന്നതാണ്. രണ്ടുപേർക്കും പരസ്പരം യോജിക്കാൻ കുറച്ചൊക്കെ പ്രയാസങ്ങൾ അനുഭവപ്പെടുമെന്ന് മനസ്സിലാക്കേണ്ടതാണ്.

**4) ക്ഷമ:** ഒരുമയോടെ ജീവിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ തന്റെ പങ്കാളിക്കുണ്ടാകുന്ന തെറ്റുകളെയും വിഷമങ്ങളെയും സഹിക്കാനും ക്ഷമിക്കാനും രണ്ടുപേർക്കും സാധിക്കണം. ചില കാര്യങ്ങൾക്കു മാറ്റം വരുത്താൻ വളരെയധികം ബുദ്ധിമുട്ടാണ്. ഉദാഹരണത്തിന് കൂർക്കം വലിക്കുന്ന സ്വഭാവം, അമിതമായി വിയർക്കുന്ന പ്രകൃതം, അല്ലെങ്കിൽ ചില സമയത്ത് പല്ല് കടിക്കുന്ന സ്വഭാവം തുടങ്ങിയവ. ആയതിനാൽ അവയൊക്കെ സഹിക്കുക, അക്ഷമ കാണിക്കരുത്. അതുപോലെ ആഹാരം പാകം ചെയ്യുന്ന തനതായ ശൈലി മുതലായവ. അവിടെയൊക്കെ ക്ഷമിക്കുകയും സഹിക്കുകയും

വേണം. അല്ലാതെ അത് ന്യൂനതയായിക്കണ്ട്, നീ ഭർതൃവീട്ടിലെ ഭക്ഷണമുണ്ടാക്കുന്ന രീതി മാനിക്കുന്നില്ലല്ലോ എന്ന് പറയരുത്.

**5) സ്വകാര്യപ്രശ്നങ്ങൾ:** അത്തരം പ്രശ്നങ്ങൾ മറ്റുള്ളവരോട് പറയരുത്. അത് ഭാര്യാഭർത്താക്കന്മാർക്കിടയിൽത്തന്നെ ഇരിക്കട്ടെ. പ്രത്യേകിച്ചും ആദ്യത്തെ ആഴ്ചകളിൽ മറ്റാരെയും നിങ്ങളുടെ കാര്യങ്ങളിൽ ഉൾപ്പെടുത്തേണ്ട യാതൊരു കാര്യവുമില്ല. ദമ്പതികൾ തന്നെ അത്തരം പ്രശ്നങ്ങളൊക്കെ പരിഹരിക്കേണ്ടതാണ്. പരിചയക്കുറവിനെ സുബോധത്തോടേയും അനുകമ്പയോടും പരിഹരിക്കേണ്ടതാണ്.

**6) പരസ്പരം സമയം വിനിയോഗിക്കുക:** വിവാഹാനന്തരം ആദ്യ ദിവസങ്ങളിൽ വധൂവരന്മാർ പരസ്പരം പ്രതീക്ഷിക്കുന്നത്, കൂടുതൽ സമയം ഒരുമിച്ച് ചെലവഴിക്കുമെന്നാണ്. ഒരുമാറ്റവും ഉണ്ടായിട്ടില്ല എന്ന നിലയിൽ പെരുമാറുന്നത് അനുചിതവും ഭാവി ജീവിതത്തിന് നല്ല അടിത്തറ ഉണ്ടാക്കുന്നതുമല്ല. എന്നാൽ അതോടൊപ്പം തന്നെ വീട്ടിലെ മറ്റുള്ളവരുടേ അവകാശങ്ങളെയും പരിഗണിക്കേണ്ടത് അനിവാര്യമാണ്.

* മാതാപിതാക്കളോടും സഹോദരങ്ങളോടുമുള്ള കടമകൾ നിറവേറ്റാനുള്ള സമയം രണ്ടു കൂട്ടരും പരസ്പരം അനുവദിച്ചുകൊടുക്കേണ്ടതാണ്. ഉദാ : രാവിലെ എല്ലാവരേയും കണ്ടു സംസാരിക്കുകയും ഒരുമിച്ചു പ്രാതൽ കഴിക്കുകയും ചെയ്യുന്ന പതിവുണ്ടെങ്കിൽ അതിനു തടസ്സം നില്ക്കാൻ പാടില്ല.

** വീട്ടിലെ മറ്റുള്ളവരെ അവഗണിക്കുന്നു എന്നു തോന്നൽ ഉണ്ടാക്കാതിരിക്കാൻ അവരോടു വിശേഷങ്ങൾ ചോദിക്കുക.

*** വീട്ടിലേക്കു ഫോൺ ചെയ്തു മാതാപിതാക്കളെകുറിച്ചുള്ള വിവരങ്ങൾ അറിയുകയും തങ്ങളുടെ വിവരം അവരെ അറിയിക്കുകയും ചെയ്യുക.

****സൃഹുത്തുക്കളുമായി ബന്ധം വെക്കുക. അവരോട് തങ്ങളുടെ വിശേഷങ്ങൾ പങ്കുവെക്കുക. എന്നാൽ, ശ്രദ്ധിക്കുക, ഇപ്പോൾ ഉത്തരവാദിത്വങ്ങൾ മാറിയിരിക്കുന്നുവെന്ന് മനസ്സിലാക്കുക. ഇനി ഭർത്താവ് അല്ലെങ്കിൽ ഭാര്യയാണ് കൂടുതൽ പ്രാധാനം. ആയതിനാൽ സുഹൃത്തുക്കളുമായി ചിലവഴിക്കുന്ന സമയം താരതമ്യേന കുറക്കേണ്ടതാണ്. എന്നാൽ പൂർണമായി ഒഴിവാക്കുന്നതും ശരിയല്ല.

**7) ആദ്യത്തെ കുറച്ചു നാളുകൾക്കു ശേഷം:** ആദ്യനാളുകൾ

കഴിഞ്ഞാൽ കല്യാണത്തെ തുടർന്നുണ്ടായ സുഖസുന്ദരമായ അവസ്ഥക്കു മങ്ങലേൽക്കാൻ തുടങ്ങുന്നു. തന്റെ ജീവിതപങ്കാളിയെയും കുടുംബത്തേയും മുമ്പത്തേക്കാൾ വ്യത്യസ്തമായി കാണാൻ തുടങ്ങുന്നു. മുമ്പ് നിസാരമായി കണ്ടകാര്യങ്ങൾ പോലും ഇപ്പോൾ പ്രത്യേകതയോടും ഗൗരവപൂർവവും കാണാൻ തുടങ്ങുന്നു. ഓർക്കുക! ഇത് പുതിയൊരു ജീവിതമാണ്. ഇതുമായി ഇനി പൊരുത്തപ്പെടേണ്ടതാണ്. ഇനി പരസ്പരം വിട്ടുവീഴ്ചക്ക് തയ്യാറാകണം. മധ്യനില കൈകൊള്ളേണ്ടതാണ്.

**8) പ്രയാസങ്ങൾ നേരിടുമ്പോൾ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക:**

1. തഖ്‌വ (സൂക്ഷ്മത) എപ്പോഴും മനസ്സിൽ ഉണ്ടായിരിക്കണം. എന്തു കാര്യം ചെയ്യുമ്പോഴും അത് അല്ലാഹുവിനെ പ്രീതിപ്പെടുത്തുന്നതാണോ അതോ അവന്റെ നീരസത്തിനു ഹേതുവാകുന്നതാണോ എന്നു ചിന്തിച്ചു നോക്കുക.

2. ജീവിതപങ്കാളിയുമായുള്ള പ്രശ്നങ്ങൾ : പരസ്പര ധാരണയോടുകൂടി ഒരുമിച്ചിരുന്നു സംസാരിച്ച്, യുക്തിയോടും സഹനത്തോടും കൂടി ഇക്കാര്യങ്ങൾ പരിഹരിക്കുക.

3. കുടുംബപരമായ പ്രശ്നങ്ങൾ : ഇതും പരസ്പരം സംസാരിച്ച് യുക്തിപൂർവവും സഹനത്തോടുകൂടിയും പരിഹരിക്കേണ്ടതാണ്. ഇതിൽ (ഭാര്യയുടേയോ ഭർത്താവിന്റേയോ) കുടുംബാംഗങ്ങളെ ഉൾപെടുത്താതിരിക്കുന്നതായിരിക്കും നല്ലത്. കാരണം അവർ നല്കുന്ന അഭിപ്രായം തങ്ങളുടെ ചിന്തയും കാഴ്ചപ്പാടുമനുസരിച്ചായിരിക്കും. എന്നാൽ നിങ്ങൾ പുതിയ ജീവിതം ആരംഭിച്ചിരിക്കുകയാണ്. ദമ്പതിമാർ പരസ്പരമുള്ള പെരുമാറ്റങ്ങളുടേയും താല്പര്യങ്ങളുടേയും അടിസ്ഥാനത്തിൽ തങ്ങളുടേതായ രീതികളും വീക്ഷണങ്ങളും വളർത്തിയെടുത്തിട്ടുണ്ടാകും. ആയതിനാൽ കുടുംബാംഗങ്ങളെ ഇക്കാര്യത്തിൽ ഇടപെടുത്തുന്നതിലൂടെ വിവാഹ ബന്ധം ശിഥിലമാകാൻ സാധ്യതയുണ്ട്.

4. വഴക്കിടുന്ന അവസരങ്ങൾ : ഇത് എന്തായാലും ഉണ്ടാകുന്നതാണ്. ചിലപ്പോൾ വളരെ കൂടുതലുമാകാം. എന്നാൽ അത്തരം അവസരങ്ങളിൽ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക.

(i) ഒരാൾ ദേഷ്യപ്പെടുമ്പോൾ മറ്റെകക്ഷി മറുപടി നല്കുന്നതിൽ നിന്നും സംസാരിക്കുന്നതിൽനിന്നും വിട്ടുനില്ക്കുക.

(ii) ഏതവസ്ഥയിലും അസഭ്യം പറയരുത്.

(iii) ഒരിക്കലും കലഹിക്കുമ്പോൾ എതിർകക്ഷിയുടെ കുടുംബത്തെ അതിലേക്ക് വലിച്ചിഴക്കരുത്. (ഉദാ : നിങ്ങളുടെ മാതാപിതാക്കൾ അങ്ങനെയാണ്, മറ്റു കുടുംബക്കാർ ഇങ്ങനെയാണ് എന്നൊന്നും പറയരുത്)

(iv) ഒരിക്കലും ക്രൂരമായി പെരുമാറരുത്. (ഉദാ: എന്തെങ്കിലും വലിച്ചെറിയുക, മർദ്ദിക്കുക) ഇങ്ങനെ ക്രൂരമായി പെരുമാറുന്നതിലൂടെ പരസ്പരബഹുമാനം ഇല്ലാതാകുന്നതാണ്.

(v) വാക്കുതർക്കം എത്രയും പെട്ടെന്ന് അവസാനിപ്പിക്കുക. ക്ഷമ ചോദിച്ചും തർക്കം തീർക്കാവുന്നതാണ്. (തെറ്റ് എതിർകക്ഷിയുടെതാണെങ്കിൽ കൂടി) ആ വ്യക്തി സമ്മതിച്ചുതരാതെ തർക്കിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ സ്വയം മാപ്പുചോദിച്ചു തർക്കം അവസാനിപ്പിക്കുക. പിന്നീട് ദേഷ്യം തീർന്ന് ശാന്തരായാൽ കാര്യം ധരിപ്പിക്കാവുന്നതാണ്. ഇനി അതിനു സാധിക്കുന്നില്ലെങ്കിൽ മറുപടി പറയാതിരുന്നാലും മതിയാവുന്നതാണ്. (കാരണമെന്തെന്നാൽ രണ്ടുകയ്യും ചേർന്നുമുട്ടിയാലെ ശബ്ദമുണ്ടാവൂ)

(vi) കലഹം ഒത്തുതീർപ്പാക്കാതെ ഉറങ്ങരുത്.

5. എപ്പോഴും കലഹമുണ്ടാവുന്നുവെങ്കിൽ : ചിലപ്പോൾ അങ്ങനെയും സംഭവിക്കാറുണ്ട്. വീട്ടിലെ കാര്യപ്രാപ്തിയുള്ള മുതിർന്ന വ്യക്തിയുടെ സഹായം തേടാവുന്നതാണ്. ആ വ്യക്തി നിക്ഷ്പക്ഷമായി പെരുമാറേണ്ടതാണ്. ചിലപ്പോൾ വീട്ടിലെ ഏതെങ്കിലും പ്രായം കുറഞ്ഞ അംഗം നിങ്ങളുടെ ജീവിത പങ്കാളിയുടെ അടുത്ത് സുഹൃത്തുമാണെങ്കിൽ ഇക്കാര്യത്തിൽ ഉപകരിക്കുന്നതാണ്. ഈ രീതി ഫലവത്താകുന്നില്ലെങ്കിൽ സ്വകാര്യമായി പുറത്തുനിന്നും സഹായം തേടാവുന്നതാണ്. ഇസ്‌ലാഹി കമ്മറ്റിയേയോ ആ സ്ഥലത്തെ കൗൺസിലിംഗ് ചെയ്യുന്നവരേയോ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിവുള്ളവരേയോ സമീപിക്കാവുന്നതാണ്.

**എന്തുതന്നെയായാലും ദു:ആയുടെ ശക്തിയെ വിസ്മരിക്കരുത്.**

وَالَّذِينَ يَقُولُونَ رَبَّنَا هَبْ لَنَا مِنْ أَزْوَاجِنَا وَذُرِّيَّاتِنَا قُرَّةَ أَعْيُنٍ وَاجْعَلْنَا لِلْمُتَّقِينَ إِمَامًا

ഹുസൂർ തിരുമനസ്സിനോടും മറ്റു ഭക്തരായ വ്യക്തികളോടും ദു:ആക്കു അപേക്ഷിക്കേണ്ടതും അനിവാര്യമാണ്. അതു ഫലം ചെയ്യുന്നതാണ്.

6. കുടുംബരഹസ്യങ്ങൾ: ഭാര്യാഭർത്താക്കന്മാർ ഒരുമിച്ചു കഴി യണ്ടവരാണ്. ഒരിക്കലും പരസ്പരം വിശ്വാസം നഷ്ടപ്പെടുത്തരുത്.

വീട്ടിൽ നടക്കുന്നത് പുറത്തുള്ളവരോട് ഒരിക്കലും പറയരുത്. പ്രത്യേകിച്ചും പുതിയ ബന്ധുക്കളുടെ ന്യൂനതകൾ മറ്റുള്ളവരോട് പറയാൻ പാടുള്ളതല്ല.

## സൂക്ഷിക്കുക ബോധവാന്മാരായിരിക്കുക!

(a) നിങ്ങളുടെ ഇടയിൽ കാര്യങ്ങൾ എങ്ങനെ പോകുന്നു എന്ന റിയാൻ ശ്രമിക്കുകയും എന്നാൽ വാസ്തവത്തിൽ ഇത്തരം കാ ര്യങ്ങൾ കേട്ട് രസിക്കാൻ ശ്രമിക്കുകയും സഹായം ചെയ്യുന്നതിൽ പിശുക്ക് കാണിക്കുകയും ചെയ്യുന്ന ബന്ധുക്കൾ.

(b) നിങ്ങൾക്ക് സഹായവാഗ്ദാനം ചെയ്യുകയും എന്നാൽ ആവ ശ്യം നേരിടുന്ന ഘട്ടങ്ങളിൽ നിങ്ങളുടെ പ്രതീക്ഷകളെ അസ്ഥാ നത്താക്കുകയും ചെയ്യുന്ന സുഹൃത്തുക്കൾ.

(c) നിങ്ങളുടെ പുതിയ കുടുബത്തെക്കുറിച്ച് അറിയാൻ ശ്രമി ക്കു കയും അങ്ങനെ കുറവുകൾ കണ്ടുപിടിക്കാൻ താൽപര്യം കാണി ക്കുകയും ചെയ്യുന്നവർ.

## ജീവിത പങ്കാളിയോടൊപ്പം

## കൂട്ടുകുടുംബത്തിൽ നിന്നും മാറി താമസിക്കൽ

നിങ്ങളുടെ ഇതുവരെയുള്ള ജീവിതത്തിൽ നിന്നും തികച്ചും വ്യത്യ സ്തമായ ജീവിതത്തിലേക്കുള്ള തയ്യാറെടുപ്പ് :

(a) നിങ്ങളുടെ വീട്ടിലെ സാധാരണ ദിനചര്യകൾ ഇപ്രകാര മായിരിക്കണം.

i) ഒരുമിച്ച് ഉണരുകയും പ്രാതൽ ഒരുമിച്ചു കഴിക്കുകയും വേണം. ഭാര്യ കിടന്നുറങ്ങുകയും ഭർത്താവ് ഭക്ഷണം പാകംചെയ്ത് ഒറ്റക്കി രുന്ന് ഭക്ഷിക്കുകയും ചെയ്യുന്ന അവസ്ഥ ഉണ്ടാകരുത്.

ii) ഭർത്താവ് ജോലിക്കു പോകുന്നതിനു മുമ്പ് വസ്ത്രങ്ങൾ ഇസ് തിരി ഇട്ടു നൽകണമെന്ന് പരസ്പര ധാരണയുണ്ടെങ്കിൽ അതിൽ വീഴ്ച വരുത്തരുത്.

iii) ജോലിസ്ഥലത്തേക്ക് ഭക്ഷണം കൊണ്ടുപോകണമെങ്കിൽ തലേദിവസം രാത്രിയോ അല്ലെങ്കിൽ പോകുന്നതിന്നു മുമ്പോ തയ്യാറാക്കേണ്ടതാണ്.

iv) രാത്രി ഭക്ഷണം (ഉച്ചക്കു വീട്ടിൽ വരുന്നുണ്ടെങ്കിൽ ഉച്ചഭക്ഷ ണവും) സമയത്തുതന്നെ തയ്യാറാക്കേണ്ടതാണ്. ഭർത്താവിന്റെ ഇഷ്ടപ്രകാരം ഭക്ഷണം തയ്യാറാക്കാൻ ശ്രമിക്കുക.

v) കൃത്യമായി വീട്ടുജോലികൾ ചെയ്തുകൊണ്ടിരിക്കുക. വീടും

പരിസരവും വൃത്തിയായി വെക്കുക. ഭക്ഷണം പാകം ചെയ്യുക, പാത്രങ്ങൾ കഴുകുക തുടങ്ങിയവ.

vi) ഭർത്താവ് വീട്ടിൽ വരുമ്പോൾ ഭാര്യ തയ്യാറായി നല്ല വസ്ത്രം ധരിച്ച് നില്ക്കേണ്ടതാണ്. ജോലിക്ഷീണത്തോടെ ഭർത്താവ് വീട്ടിൽ വരുമ്പോൾ, വൃത്തിയുള്ളതാണെങ്കിലും ഭാര്യ രാത്രി ധരിച്ചിരുന്ന വസ്ത്രം ധരിച്ച് അങ്ങുമിങ്ങും നടക്കുന്നത് അസ്വസ്ഥജനകമായിരിക്കും.

(b)ഭർത്താവ് ജോലിയാവശ്യാർഥം പുറത്തുപോകുമ്പോൾ പെട്ടെന്ന് ഒറ്റപ്പെടൽ അനുഭവിക്കേണ്ടിവരുകയും അങ്ങനെ ഡിപ്രഷൻ (വിഷാദം) ഉണ്ടാകാനും സാധ്യതയുണ്ട്.

അതുകൊണ്ട് ഇക്കാര്യങ്ങൾ ശ്രദ്ധിക്കുക.

i) ഒറ്റക്കിരുന്നു അധികനേരം ചിന്തിക്കാതിരിക്കുക. എന്തെങ്കിലും ജോലികൾ ചെയ്തുകൊണ്ടിരിക്കുക.

ii) കൂടുതൽ സമയവും ഇന്റർനെറ്റിലോ മൊബൈലിലോ ചെലവഴിക്കുന്നതും ദോഷകരമാണ്.

iii) എപ്പോഴും കിടന്നുറങ്ങുന്നതും വീട്ടുകാര്യങ്ങളും സ്വന്തംകാര്യങ്ങളും ശ്രദ്ധിക്കാതിരിക്കുന്നതും ശരിയല്ല.

ഏകാന്തതയിൽ സമയം ശരിയായ നിലയിൽ ഉപയോഗിക്കുക.

1. വീട്ടിലെ എല്ലാജോലികളും നിശ്ചിതസമയത്തു ചെയ്തുതീർക്കുന്ന വിധത്തിൽ ഒരു ടൈംടേബിൾ ഉണ്ടാക്കുക.
2. ഭാവിയിൽ ഉപകരിക്കുന്ന കാര്യങ്ങൾക്കായും സമയം നീക്കിവെക്കാവുന്നതാണ്. (ഉദാ: ഏതെങ്കിലും കോഴ്സ് ചെയ്യുക)
3. ഭർത്താവിനുകൂടി ഇഷ്ടമുള്ളവരുമായി സൗഹൃദത്തിലാകുക. ഭർത്താവ് ഇഷ്ടപ്പെടാത്തവരുമായി കൂട്ടുകൂടരുത്. ഇത് രണ്ടുപേരുടേയും ഉത്തരവാദിത്വവും അവകാശവുമാണ്.
4. രണ്ടു കൂട്ടരുടെ കുടുംബത്തേയും സമയാസമയങ്ങളിൽ ഫോൺ ചെയ്യേണ്ടതും വിവരങ്ങൾ അവരെ അറിയിക്കേണ്ടതും അങ്ങനെ അവരുടെ ദുആ സ്വായത്തമാക്കേണ്ടതുമാണ്.
5. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഗ്രന്ഥങ്ങൾ വായിച്ച് ദീനീ വിജ്ഞാനം വർദ്ധിക്കുന്നതിൽ മുഴുകുക. ഇത് നിങ്ങളെ ഭാവിയിൽ മക്കൾക്ക് നല്ല മാതൃകയാകാൻ പര്യാപ്തമാക്കുന്നതാണ്.
6. ഇരുകൂട്ടരുടെയും മാതാപിതാക്കളുമായി സമയാസമയങ്ങളിൽ സംസാരിച്ചുകൊണ്ടിരിക്കുക. പരസ്പരം നല്ലകാര്യങ്ങൾ ഉപദേശി

ച്ചുകൊണ്ടിരിക്കുക. എല്ലാവർക്കും ഇക്കാര്യങ്ങൾ വഴി തൃപ്തി ഉണ്ടാകുന്നതാണ്.

## 10. സാമ്പത്തികം

ചിലപ്പോൾ വൈവാഹിക ബന്ധങ്ങളിൽ ഉലച്ചൽ ഉണ്ടാകുമ്പോൾ സാമ്പത്തികവും വില്ലനാകാറുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ നീതിബോധത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്.

**വീട്ടുചെലവുകൾ:** ഇരുകൂട്ടർക്കും തൃപ്തികരമായ നിലയിലാണോ ചെലവുകൾ നടക്കുന്നത്? ചിലപ്പോൾ ഭർത്താവ്, തന്റെ ഏതെങ്കിലും ബന്ധുവിനെ സാമ്പത്തികമായി സഹായിക്കാമെന്ന് ഏറ്റിട്ടുണ്ടാവും. അക്കാര്യം വ്യക്തമായി മനസ്സിലാക്കേണ്ടത് അനിവാര്യമാണ്. ഭർത്താവിന്റെ വരുമാനത്തിൽനിന്നും തന്റെ ഏതെങ്കിലും ബന്ധുവിനെ സഹായിക്കുവാനായി ഭാര്യ വാശിപിടിക്കരുത്. എന്നാൽ ഭർത്താവിന്റെ വരുമാനത്തിന്റെ ഒരു വലിയ പങ്ക് ഇരുകൂട്ടരുടെയും ചെലവിനല്ലാതെ പുറത്തു വിനിയോഗിക്കപ്പെടുന്നുണ്ടെങ്കിൽ അക്കാര്യം ആദ്യമേ തന്നെ വ്യക്തമാക്കേണ്ടതും വിവാഹത്തിനു മുമ്പു രണ്ടുപേരും ഇക്കാര്യത്തിൽ ധാരണയിലെത്തേണ്ടതുമാണ്.

വീട്ടുകാര്യങ്ങൾ എപ്രകാരമാണ് നടത്തേണ്ടതെന്ന് രണ്ടുകൂട്ടരും തീരുമാനിക്കുക. വീട്ടുകാര്യങ്ങൾ ആരാണ് ചെയ്യേണ്ടത്? പൊതുവിൽ ഇത് സ്ത്രീകളുടെ ഉത്തരവാദിത്തമാണെങ്കിലും അങ്ങനെ നിയമമൊന്നുമില്ല. ഇക്കാര്യത്തിൽ ഇരുകൂട്ടരും പരസ്പരം ആലോചിച്ച് തീരുമാനത്തിലെത്തേണ്ടതാണ്. പരസ്പരം സമ്മതവുമായിരിക്കണം.

വീട്ടുചെലവുകൾ നോക്കിനടത്തുന്നത് ഭാര്യ ആണെങ്കിൽ കാര്യങ്ങൾ നല്ല രീതിയിൽ നടന്നുപോകാൻ ആഴ്ചയിൽ അല്ലെങ്കിൽ മാസത്തിൽ എത്ര രൂപ വേണ്ടിവരുമെന്നു കണക്കാക്കേണ്ടതാണ്. അതിന് എപ്പോഴും പണമുണ്ടായിരിക്കണം. നൽകപ്പെടുന്ന തുക പര്യാപ്തമാണോ എന്ന് സമയാസമയങ്ങളിൽ നോക്കേണ്ടതാണ്. ചെലവുകൾ വഹിക്കുന്നതിൽ ഭാര്യാഭർത്താക്കന്മാരുടെ ഉത്തരവാദിത്വങ്ങൾ തീരുമാനിക്കപ്പെട്ടിരിക്കണം. അതായത് വൈദ്യുതി, വെള്ളം, ഇൻഷുറൻസ്, ഇന്റർനെറ്റ്, പെട്രോൾ എന്നിവക്ക് ആരാണ് തുക ചെലവഴിക്കുക തുടങ്ങിയ കാര്യങ്ങൾ.

വീട്ടിലെ ചെലവുകൾ കൂടാതെ ഭാര്യക്ക് സ്വന്തമായി ചെലവഴി ക്കുന്നതിന് ഉചിതമായ പോക്കറ്റ് മണി നൽകേണ്ടതുമാണ്. ഭാര്യ സ്വന്തമായി ജോലി ചെയ്യുന്നുണ്ടെങ്കിൽ അല്ലെങ്കിൽ സമ്പാദ്യ മുള്ള വളാണെങ്കിൽ ഇത് അത്യാവശ്യമില്ല. അങ്ങനെയാണെങ്കിൽ വീട്ടു കാര്യങ്ങൾ പരസ്പരധാരണയോടെ നിശ്ചയിക്കാവുന്നതാണ്.

**അതിഥി സൽക്കാരം:** ഭാര്യാഭർത്താക്കന്മാർ രണ്ടുപേരും പരസ് പരം അറിയിക്കാതെ ആരെയും വീട്ടിലേക്ക് ഭക്ഷണത്തിനായി (ചില പ്രത്യേക സാഹചര്യങ്ങൾ ഒഴികെ) ക്ഷണിക്കരുത്. ഇരുകൂ ട്ടരും ഏതെങ്കിലും ഒരാൾക്ക് സ്വരചേർച്ച ഇല്ലാത്ത വ്യക്തികളെ വീട്ടിലേക്ക് ക്ഷണിക്കാവുന്നതല്ല. എന്നാൽ അല്ലാഹു അവകാശം നല്കിയ മാതാപിതാക്കളെയും രക്തബന്ധത്തിലുള്ളവരെയും ക്ഷണിക്കാവുന്നതാണ്.

**ബന്ധുക്കളുമായുള്ള കൂടിക്കാഴ്ച:** ഇരുകൂട്ടരുടെയും മാതാപിതാ ക്കളുമായി കൂടിക്കാഴ്ചയ്ക്ക് ഇടക്കിടെ അവസരം ഉണ്ടാക്കുന്നത് നല്ല കാര്യമാണ്. അത് ഇരുകൂട്ടരുടേയും അവകാശമാണ്. പരസ്പര മുള്ള വിശ്വാസത്തിന് ഈ അവകാശം നിഷേധിക്കപ്പെടാതിരിക്കേ ണ്ടത് അനിവാര്യമാണ്.

**വിനോദയാത്രകൾ:** വിവാഹം തന്നെ നല്ല മുതൽ മുടക്കുള്ള കാര്യമാണ്. അതുകൊണ്ടുതന്നെ ആദ്യവർഷംതന്നെ അവധി ആഘോഷം ആവശ്യപ്പെടുന്നത് ചിലപ്പോൾ അനുചിതമായിരി ക്കും. എന്നാൽ അതിനു പ്രത്യേകം നിയമമൊന്നുമില്ല. അവധിക്കു വേണ്ടി ആവശ്യം ഉന്നയിക്കുമ്പോൾ വീട്ടുചിലവുകൾ കൂടി കണ ക്കിലെടുക്കേണ്ടതുണ്ട്. സാമ്പത്തികാവസ്ഥ അതിനനുവാദം തരു ന്നുണ്ടോ എന്ന് നോക്കേണ്ടതാണ്. നല്ല അവധി ആഘോഷങ്ങൽ ദമ്പതികൾക്ക് കൂടുതൽ അടുക്കാനും ഉന്മേഷഭരിതരാക്കാനും സ ഹായിക്കുന്നു. എന്നാൽ സമ്മർദ്ദം മൂലം എടുക്കുന്ന അവധികൾ ആർക്കും ഒരു ഫലവും ചെയ്യില്ല.

**കുട്ടികൾ:** കുട്ടികൾ എപ്പോൾ വേണമെന്ന് ദമ്പതികൾ പരസ്പരം സമ്മതത്തോടെ തീരുമാനിക്കേണ്ടതാണ്. ഇരുകൂട്ടരുടെയും മാതാ പിതാക്കളുടെ ഭാഗത്തുനിന്ന് ഇക്കാര്യത്തിൽ സമ്മർദ്ദം ഉണ്ടാക രുത്. എങ്കിലും അവർ തങ്ങളുടെ ആഗ്രഹം പ്രകടിപ്പിക്കുന്നുവെങ്കി ൽ അതിൽ തെറ്റൊന്നുമില്ല. കുട്ടികളുണ്ടാകുന്ന കാര്യത്തിൽ ഇരുകൂട്ടർക്കും ഭിന്നാഭിപ്രായമാണുള്ളതെങ്കിൽ കല്യാണശേഷം

ആദ്യത്തെയോ രണ്ടാമത്തെയോ വർഷങ്ങളിൽ അത് ഒരു പ്രശ്ന ത്തിന് നിമിത്തമാകരുത്. കുട്ടികളുണ്ടാകുന്നതിൽ എന്തെങ്കിലും പ്രയാസങ്ങൾക്കും സാദ്ധ്യതയുണ്ട്. അത് മെഡിക്കൽ പ്രശ്നങ്ങൾ കാരണവുമാകാം. മെഡിക്കൽ വീക്ഷണമനുസരിച്ച് വന്ധ്യത രണ്ടു കൂട്ടർക്കും ഉണ്ടാകാൻ തുല്യസാധ്യതയുണ്ട്. അതിനാൽ ഏതെങ്കി ലും ഒരാളെ പഴിചാരാൻ പാടില്ല. ഒരു വർഷത്തിനുശേഷവും കുട്ടി കളുണ്ടാകുന്നില്ലെങ്കിൽ വൈദ്യസഹായം തേടേണ്ടതാണ്. ഇരുവ രും ഒരുമിച്ച് ഡോകടറെ സമീപിക്കേണ്ടതാണ്.

**പണവും സ്വത്തും:** ഇസ്ലാമിക വീക്ഷണത്തിൽ ഭർത്താവിന്റെ സമ്പാദ്യം ഇരുകൂട്ടർക്കുമുള്ളതാണെന്നകാര്യം വിസ്മരിക്കരുത്. എന്നാൽ ഭാര്യയുടെ സമ്പാദ്യം അവളുടെ ഉടമസ്ഥാവകാശമാണ്. അവൾക്ക് അത് സ്വന്തം ഇഷ്ടപ്രകാരം ചെലവഴിക്കാവുന്നതാണ്. അതിൽ നിന്നും തനിക്കും വല്ലതും കിട്ടണമെന്ന നിലയിൽ ഭർ ത്താവ് അതിൽ കണ്ണ്വെക്കാൻ പാടുള്ളതല്ല. ഭാര്യയുടെ സമ്പാദ്യം തനിക്കു തരാനായി ഭർത്താവ് ഒരിക്കലും സമ്മർദ്ദം ചെലുത്തുക യോ സ്വാധീനം ചെലുത്തുകയോ ചെയ്യാവുന്നതല്ല. ഭാര്യ സമ്പാ ദിക്കുന്നുണ്ടല്ലോ എന്ന് കരുതി ഭർത്താവു വീട്ടുചെലവിനു നൽ കുന്ന തുക കുറക്കുകയും വീട്ട് ചെലവുകൾ വഹിക്കേണ്ടത് ഇരുകൂട്ട രുടെയും ബാധ്യതയാണെന്നു കരുതുകയും ചെയ്യുന്നുവെങ്കിൽ അതു തെറ്റാണ്. എന്തെങ്കിലും ഭാര്യ നല്കുന്നതായാൽ അത് അവളുടെ ഇഷ്ടത്തോടും സമ്മതത്തോടും മാത്രമായിരിക്കണം.

# ഹുസൂർ തിരുമനസ്സ്,
# കാനഡയിലെ റിശ്ത്താനാത്താ (വൈവാഹിക) കമ്മിറ്റിക്കു നല്കിയ നിർദ്ദേശങ്ങൾ

കാനഡയിലെ റിശ്ത്താനാത്തെ കമ്മിറ്റിയുടെ സെക്രട്ടറി പറയുന്നു: വിദ്യാസമ്പന്നരായ യുവാക്കളുടെ ജീവിതപങ്കാളിയെ സംബന്ധിച്ച സങ്കൽപ്പം വളരെ പ്രത്യേകതയുള്ളതാണ്.
ഹുസൂർ പറയുന്നു: വിദ്യാസമ്പന്നരായ യുവാക്കളെക്കുറിച്ച് എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞത്, വിവാഹത്തിനു മുമ്പേ അവർ പെണ്ണിനു മുന്നിൽ ചില ഡിമാന്റുകൾ (ആവശ്യങ്ങൾ)വെക്കുന്നു, അതായത് പർദ്ദ ധരിക്കരുത്, മുഖമക്കന ഉപയോഗിക്കരുത്, തല മറയ്ക്കരുത് എന്നെല്ലാം. യഥാർഥത്തിൽ അത്തരക്കാരെ കൗൺസിലിങ്ങ് ചെയ്യേണ്ടതാണ്. ഇസ്‌ലാമികാധ്യാപനങ്ങൾ എന്തെല്ലാമാണെന്ന് അവർക്ക് പറഞ്ഞു കൊടുക്കേണ്ടതാണ്.
ജനങ്ങൾക്കും നവദമ്പതികൾക്കും അവരുടെ ഉത്തരവാദിത്തങ്ങളെക്കുറിച്ച് ബോധമുണ്ടാകാൻ ഞാൻ ഇപ്പോൾ നിക്കാഹ് ഖുതുബകളിലും ഇക്കാര്യങ്ങൾ പറയാറുണ്ട്. എന്റെ ഖുത്ബകളിൽ നിന്ന് വിഷയങ്ങൾ എടുക്കാനും പോയിന്റ്സ് തയ്യാറാക്കാനും അവ തങ്ങളുടെ കൗൺസിലിംഗ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താനും ഞാൻ മുറബ്ബിമാരോടും പറഞ്ഞുകൊണ്ടിരിക്കുന്നു.
യുവാക്കൾ ഉന്നയിക്കുന്ന വ്യത്യസ്ത ചോദ്യങ്ങൾക്കുള്ള കൃത്യമായ മറുപടികളെക്കുറിച്ച് നിങ്ങൾക്ക് അറിവ് ഉണ്ടായിരിക്കണം. വ്യത്യസ്ത സമയങ്ങളിൽ പല നിർദ്ദേശങ്ങളും ഞാൻ നൽകിയിട്ടുണ്ട്. അവയെല്ലാം എടുക്കുക. ഏതെങ്കിലും ഒരു ഖുതുബയെ മാത്രം ആശ്രയിക്കരുത്.
വിവാഹത്തിന്റെ ഉദ്ദേശ്യമെന്താണെന്നും ഇതുസംബന്ധിച്ച് ഇസ്‌ലാമിക പാഠങ്ങൾ എന്തെല്ലാമാണെന്നും അവരുടെ ചിന്ത എത്തരത്തിലുള്ളതാണെന്നും കൗൺസിലിംഗ്‌വേളയിൽ ബോധ്യപ്പെടുത്തിക്കൊടുക്കുക. മാത്രമല്ല അവർ ഏതു കുടുംബത്തിൽ പെട്ടവരാണ്, അവരുടെ മുതിർന്നവർ എന്തെല്ലാം ത്യാഗങ്ങൾ ചെയ്തിട്ടുണ്ട്, അതുകൊണ്ട് അല്ലാഹു എങ്ങനെയാണ് അനുഗ്രഹങ്ങൾ ചൊരിഞ്ഞത് എന്നും ഇനി ഭൗതികതയിലേക്ക് പോവുകയാണോ?

അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദിസൂചകമായി നിങ്ങൾ ദീനുമായി ബന്ധപ്പെട്ടുനില്ക്കുക. നിങ്ങളുടെ കുടുംബത്തിന്റെ നന്മകളിലും തഖ്‌വയിലും നിലകൊള്ളുക. കുടുംബത്തിന്റെ മാന്യത നിലനിർത്തുക എന്നൊക്കെ പറഞ്ഞുകൊടുക്കുക. യഥാർഥ സംഗതി നന്മയും ഭയഭക്തിയുമാണ്. അവയുണ്ടാകേണ്ടതാണ്.

ഇവിടെ കാനഡ, അമേരിക്ക പാശ്ചാത്യ നാടുകൾ എന്നിവിടങ്ങളിലെ ചില യുവാക്കൾ അനുചിതമായ ചില ജോലികളിൽ Involve ആയിട്ടുണ്ട്. ചില ദൂഷ്യങ്ങളും അവരിൽ ഉണ്ടാവുന്നു. ചിലപ്പോൾ ശിക്ഷണവും ബോധവൽക്കരണവും വഴി അവരെ പരിഷ്ക്കരിക്കാൻ സാധിക്കുന്നു, എന്നാൽ പലപ്പോഴും അതിനു സാധിക്കുന്നില്ല. ചിലപ്പോൾ പെൺകുട്ടികളിലും ന്യൂനതകൾ ഉണ്ടായെന്നുവരാം. എന്തായാലും വിവാഹനിശ്ചയത്തിനുമുമ്പുതന്നെ ഇക്കാര്യങ്ങളിൽ വ്യക്തത വരുത്തേണ്ടതാണ്. പിന്നീട് വഴക്കുണ്ടാകാതിരിക്കാൻ ഇരുകൂട്ടരും തഖ്‌വയോടുകൂടി കാര്യങ്ങൾ പറയേണ്ടതാണ്.

റിശ്ത്താനാത്താ കമ്മിറ്റി രഹസ്യങ്ങൾ സൂക്ഷിക്കേണ്ടതാണ്. നിങ്ങളുടെ വിശ്വാസ്യത നിലനിൽക്കേണ്ടതാണ്. ആയതിനാൽ വിശ്വാസ്യത നിലനിർത്തുക. നിങ്ങൾ ജനങ്ങളുടേയും ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും അഭ്യുദയകാംക്ഷികളാവണം. കമ്മിറ്റിയിൽ കൂടുതൽ അംഗങ്ങളെ ചേർക്കാവുന്നതാണ്. അഭിപ്രായം പറയാൻ കഴിവുള്ളവരേയും യുക്തിബോധവും നന്മയുമുള്ളവരെയും മുബല്ലിഗുമാരെയും ഉൾപ്പെടുത്താവുന്നതാണ്. കാര്യങ്ങൾ രഹസ്യമായിതന്നെ വെക്കുമെന്ന് മറ്റുള്ളവർക്ക് ഉത്തമബോധ്യം വരുത്തി അവരുടെ വിശ്വാസം നേടിയെടുക്കേണ്ടതാണ്.

നീ സ്ത്രീധനം ഒന്നും കൊണ്ടുവന്നില്ലല്ലോ? കുട്ടികളൊന്നും ഉണ്ടാകുന്നില്ലല്ലോ? ഇവൾക്കു പെൺകുട്ടികൾ മാത്രമെ ഉണ്ടാകുകയുള്ളു എന്നെല്ലാം പറഞ്ഞ് ചില കുടുംബങ്ങളിൽ പെൺകുട്ടിയോട് കുത്തുവാക്ക് പറയാറുണ്ട്.

ഇങ്ങനെ ഭർത്താവിന്റെ വീട്ടുകാർ പെണ്ണിനെ പരിഹസിക്കുകയും പിന്നീട് ബന്ധം വേർപ്പെടുകയും ചെയ്യുന്നു. ചിലപ്പോൾ ഭർത്താവിന്റെ ഉമ്മാമമാർ(മാതാമഹി അല്ലെങ്കിൽ പിതാമഹി) പാകിസ്ഥാനിലെ ഗ്രാമീണഅന്തരീക്ഷത്തിൽ നിന്ന് വന്നവരായിരിക്കും. ഗ്രാമീണസ്വാധീനം അവരിൽ ഉണ്ടാകും. ഇത്തരം അവിവേക ചിന്തകൾ കാരണം ചില ബന്ധങ്ങൾ ഉലയുന്നു.

ഇവിടെ നീണ്ടകാലമായി നേരത്തെ തന്നെയുള്ള കുടുംബങ്ങൾ ഉണ്ട്. അവരുടെ ചിന്താഗതികൾ ഇവിടത്തേതായി മാറിയിരിക്കുന്നു. സ്വതന്ത്ര ചിന്താഗതിയാണ്. ചില ആൺകുട്ടികളും പെൺകുട്ടികളും തങ്ങൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് എനിക്ക് എഴുതാറുണ്ട്. ആ എല്ലാ കാര്യങ്ങളും കത്തുകളും ഞാൻ നിങ്ങൾക്കു റിപ്പോർട്ടിനു വേണ്ടി തന്നാൽ നിങ്ങൾക്കു മറ്റു ജോലികൾക്കൊന്നും സമയം കിട്ടില്ല.

മാതാപിതാക്കൾ തമ്മിൽ വിശ്വാസവും ധാരണയും ഇല്ലെങ്കിൽ അതും ബന്ധങ്ങളിൽ പ്രശ്നങ്ങൾക്ക് ഹേതുവാകാറുണ്ട്. ആയതിനാൽ നിങ്ങൾ ഏതെങ്കിലും മന:ശാസ്ത്രജ്ഞനെയും ഉൾപ്പെടുത്തേണ്ടതാണ്.

ആൺകുട്ടികളോടും പെൺകുട്ടികളോടും എങ്ങനെയുള്ള ബന്ധമാണ് അവർ ആഗ്രഹിക്കുന്നതെന്ന് ചോദിക്കുക. ഭർത്താവ് എങ്ങനെയായിരിക്കണം? ഭാര്യ എങ്ങനെയായിരിക്കണം? ഭർത്താവിന്റെ മാതാപിതാക്കളോടൊപ്പമാണ് പെൺകുട്ടി താമസിക്കേണ്ടതെങ്കിൽ എന്തെല്ലാം പരിധികൾ ശ്രദ്ധിക്കണമെന്നു പറയുക. മാതാപിതാക്കളോടും ഭാര്യയോടുമുള്ള കടമകൾ നിർവഹിക്കാൻ ഭർത്താവിനെ ഉപദേശിക്കേണ്ടതാണ്. അവകാശങ്ങളും അതേക്കുറിച്ചുള്ള ഇസ്‌ലാമിക പാഠങ്ങളും പറഞ്ഞുകൊടുക്കുക. ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഉദ്ധരണികളും എടുത്ത് കൊടുക്കാവുന്നതാണ്. തർബിയത്ത് വകുപ്പിന് ഒരു വലിയ കടമയുണ്ട്. അതുപോലെ ഖുദ്ദാം, അൻസാർ, ലജ്ന എന്നിവയുടെ തർബിയത്ത് വകുപ്പിനും വമ്പിച്ച ഉത്തരവാദിത്വമുണ്ട്, എല്ലാവരും ഒരുമിച്ച് ശിക്ഷണം നല്കിക്കൊണ്ടിരിക്കുക.

ചെക്കനോടും പെണ്ണിനോടും ഇരുകുടുംബങ്ങളോടും ഇന്നതൊക്കെയാണ് അവസ്ഥകളെന്നും പ്രശ്നങ്ങളെന്നും ഇങ്ങനെയാണ് ജീവിക്കേണ്ടതെന്നും മറ്റും പറഞ്ഞുകൊടുക്കുക. അതിനുശേഷം അവർ തങ്ങളുടെ ഇഷ്ടപ്രകാരം തീരുമാനമെടുക്കട്ടെ.

നിങ്ങൾ ഒരു സെമിനാർ സംഘടിപ്പിക്കേണ്ടതാണ്. അതിൽ ഈ പ്രശ്നങ്ങൾ വ്യക്തികളെ പരാമർശിക്കാതെ ചർച്ച ചെയ്യുക. പിന്നെ അത്തരം വിഷയങ്ങളേയും പ്രശ്നങ്ങളേയും സംബന്ധിച്ച ഇസ്‌ലാമികാധ്യാപനങ്ങളും പറഞ്ഞുകൊടുക്കുക.

അകത്തുള്ള കാര്യങ്ങൾ മനസ്സിലാകാൻ ഖുദ്ദാമും, ലജ്നയും

തങ്ങളുടെതായ നിലയിൽ സർവേകൾ നടത്തി ചോദ്യങ്ങൾ തയ്യാറാക്കുക.
ഞാൻ യു.കെയിലെ ഖുദ്ദാമും ലജ്നയും മുഖേന പ്രത്യേകം പ്രത്യേകം സർവേകൾ നടത്തുകയുണ്ടായി. യുവതിയുവാക്കളുടെ ഒരുപാടു കാര്യങ്ങളും പ്രശ്നങ്ങളും സംശയങ്ങളും മനസ്സിലാക്കാനായി. അതിന്റെ അടിസ്ഥാനത്തിലാണ് ഞാൻ യു,കെയിലെയും ജർമനിയിലേയും ഇജ്തിമകളിലും ജൽസകളിലും പ്രസംഗങ്ങൾ തയ്യാറാക്കിയത്. ഇങ്ങനെ സർവേകൾ നടത്തുകയും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുകയും ചെയ്താൽ കുറെ പ്രശ്നങ്ങൾ മനസ്സിലാകുകയും അതനുസരിച്ച് തർബിയത്തിന്റെയും കർമസംസ്കരണത്തിന്റേയും പ്രവർത്തന രൂപരേഖ തയ്യാറാക്കാൻ സാധിക്കുന്നതുമാണ്.
ഞങ്ങളുടെ മകൻ ഇപ്പോൾ സമ്പാദിക്കുന്നുണ്ട്. ഞങ്ങൾ തന്നെ അവനുവേണ്ടി ബന്ധം അന്വേഷിച്ചു കൊള്ളാമെന്നാണ് ചില യുവാക്കളുടെ ഉമ്മമാർ പറയുന്നത്. ഒന്നിനും പറ്റാത്തവരെ ജമാഅത്തിനു ഏൽപ്പിച്ചുതരുന്നു. എന്നാൽ ജോലിയുള്ള ആൺകുട്ടികളെ കൂടുതൽ സമ്പാദിക്കാനായി വിവാഹം വൈകിപ്പിക്കുന്നു. ഒരുപാടു വൈകി ബന്ധം ഒന്നും കിട്ടാതായാൽ വിവാഹം നടത്തിക്കൊടുക്കാൻ ജമാഅത്തിനോടു ആവശ്യപ്പെടുകയും ചെയ്യുന്നു.
യു.കെയിലെ അവലോകന റിപ്പോർട്ട് ഇപ്രകാരമാണ്. 65 ശതമാനം ബന്ധങ്ങൾ നിലനില്ക്കുന്നു. ബാക്കി 35 ശതമാനം ബന്ധങ്ങൾ തകരുന്നു. കാനഡയിലെ 20 ശതമാനം ബന്ധങ്ങളാണ് തകരുന്നത്. ഈ ശതമാന നിരക്ക് കറക്കേണ്ടതാണ്. അത് വർദ്ധിക്കരുത്.
ചിലപ്പോൾ ചെക്കൻ അഹ്ലെകിത്താബ് (ഗ്രന്ഥാനുസാരി) ആണെന്ന് പറയാറുണ്ട്, ഇപ്പോൾ ശിർക്ക് ചെയ്യാത്ത ഏതു ഗ്രന്ഥാനുസാരിയാണുള്ളത്? മുശ്രിക്കുമായി വിവാഹം നടത്താൻ അനുവാദമില്ല. അതുകൊണ്ട് ഇക്കാര്യങ്ങൾ മനസ്സിലാക്കിക്കൊടുക്കാൻ നിരന്തരം ശ്രമിക്കേണ്ടതാണ്.
ചില യുവാക്കളെ (നിസാമിൽനിന്നു) പുറത്താക്കുന്നത് അവർ അനഹ്മദിയായ ഖാസി അല്ലെങ്കിൽ മൗലവിയെകൊണ്ടു നിക്കാഹ് നടത്തിപ്പിച്ചു എന്ന കാരണത്താലാണ്. ആരെങ്കിലും ഏതെങ്കിലും അനഹ്മദി പെൺകുട്ടിയുമായി കൃത്യമായ അനുവാദം വാങ്ങി

നിക്കാഹ് ചെയ്യാറുണ്ട്. അവരുടെ നിക്കാഹ് അഹ്മദിയാണ് ചെയ്തു കൊടുക്കുന്നതെങ്കിൽ അതിന് ചില പ്രത്യേക സാഹചര്യങ്ങളിൽ അനുവാദം കൊടുക്കാറുണ്ട്.

ചില അനഹ്മദി പെൺകുട്ടികൾ, അവരുടെ മാതാപിതാക്കൾ വിവാഹത്തിന് എതിർപ്പ് പ്രകടിപ്പിക്കുന്നതിനാൽ അവർ തങ്ങൾക്ക് വലിയെ നിശ്ചയിച്ചു തരണമെന്ന് അപേക്ഷിക്കാറുണ്ട്. പ്രത്യേക സാഹചര്യങ്ങളിൽ ജമാഅത്ത് വലിയെ നിശ്ചയിക്കാറുണ്ട്. അങ്ങനെയുള്ള ഘട്ടങ്ങളിൽ നിക്കാഹ്, മസ്ജിദിൽ വെച്ചായിരിക്കില്ല നടക്കുന്നത്. നിക്കാഹിനു മുബല്ലിഗ് നിക്കാഹ് ഖുത്ബ നിർവഹിക്കുന്നതുമല്ല. മറ്റേതെങ്കിലും സ്ഥലത്ത് വെച്ച് ഏതെങ്കിലും അഹ്മദി സഹോദരനായിരിക്കും നിക്കാഹ് വിളംബരപ്പെടുത്തുക. അത്തരം വിവാഹത്തിൽ ജമാഅത്തിലെ ഭാരവാഹികൾ ഭാഗഭാക്കാകുന്നത് ഞാൻ വിലക്കിയിട്ടുണ്ട്.

അറേഞ്ച്ഡ് മാര്യേജ് സിസ്റ്റത്തിലും തർബിയ്യത്തിന്റെ കുറവുണ്ട്. പ്രഥമപ്രധാനമായിട്ടുള്ളത് ദുആയാണെന്നു അവർക്ക് മനസ്സിലാക്കിക്കൊടുക്കുക. വിവാഹത്തിൽ സമ്പത്തും സൗന്ദര്യവും കുടുംബവും കുലമഹിമയും ദീനുമെല്ലാം നോക്കാറുണ്ട്. നബിതിരുമേനി(സ), നിങ്ങൾ ദീനിനെ മുന്തിക്കണമെന്നാണ് പറഞ്ഞിട്ടുള്ളത്. ചെക്കനും പെണ്ണും ദീനുള്ളവരായിരിക്കണം.

വിവാഹബന്ധം ആലോചിക്കുമ്പോഴും നിശ്ചയിക്കുമ്പോഴും തീരുമാനമെടുക്കുന്നതിന് ദു:ആ ചെയ്യുവാൻവേണ്ടി നിങ്ങൾ ഉത്ബോധിപ്പിക്കേണ്ടതാണ്.

അറേഞ്ച്ഡ് മാര്യേജിലും നിങ്ങൾ കൗൺസലിങ്ങ് നടത്തേണ്ടതാണ്. പെണ്ണുകാണാൻ വീട്ടിൽപോവുകയും ഫോട്ടോ വാങ്ങിക്കുകയും പെണ്ണിനെ കണ്ടശേഷം വിസമ്മതം പ്രകടിപ്പിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നത് ശരിയല്ല. പെണ്ണിനെ വില്പനചരക്കായി കണക്കാക്കുന്നതും ശരിയല്ല. വിവാഹാലോചന നടത്തുന്നതിനും ചില മര്യാദകളുണ്ട്. അതു പാലിക്കേണ്ടതുമാണ്.

(ചില ചെക്കനെയോ പെണ്ണിനെയോ കുറിച്ചുള്ള അന്വേഷണ റിപ്പോർട്ടുകൾ മുറബ്ബിമാരും സദർമാരും ജമാഅത്തിലെ കുടുംബങ്ങളുമായി പങ്കുവെക്കുന്നതിനാൽ നീരസങ്ങൾ ഉണ്ടാവുന്നു.)

ഇതേകുറിച്ച് ഹുസൂർ പറയുന്നു : ഇക്കാര്യങ്ങൾ സ്വയമേവ ആരോടും പറയരുതെന്ന് മുറബ്ബിമാർക്കും സദർമാർക്കും നിർദ്ദേശം

നൽകേണ്ടതാണ്. കിട്ടുന്ന റിപ്പോർട്ടുകൾ ജമാഅത്തിലെ തർബിയത്ത് സെക്രട്ടറിക്കോ അമീറിനോ നല്കുക. ജമാഅത്ത് അംഗങ്ങൾക്കിടയിൽ മുറബ്ബിമാർക്കും സദ്ർമാർക്കുമുള്ള ഇടപെടലുകൾക്കും ശിക്ഷണപരമായ കാര്യങ്ങൾ തുടർന്ന് പോകുന്നതിൽ പ്രയാസങ്ങൾ ഇല്ലാതിരിക്കാനും വേണ്ടി, പ്രസ്തുത റിപ്പോർട്ടുകൾ ആരോടാണോ പറയേണ്ടത് അവരോട് നിങ്ങൾ രണ്ടുപേരിൽ ആരെങ്കിലും പറയുക.

ഇനി ഏതെങ്കിലും വീട്ടുകാർക്ക് നീരസം പ്രകടിപ്പിക്കണമെങ്കിൽ അതു കേന്ദ്രലവലിൽ ആയിക്കോട്ടെ. പ്രാദേശിക ജമാഅത്തിൽ അത്തരം അവസ്ഥ ഉണ്ടാകരുത്. ജമാഅത്തിൽ തർബിയ്യത്ത് പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കാൻ കേന്ദ്രം ജമാഅത്തീ ഭാരവാഹികളെ ശ്രദ്ധിക്കുകയും വേണം.

(ചില അവസരങ്ങളിൽ മാതാപിതാക്കളുടെ ഇടപെടലുകൾ കാരണം വിവാഹങ്ങൾ നടക്കാതിരിക്കുന്നു.) ഇതേക്കുറിച്ച് ഹുസൂർ പറഞ്ഞു: ഇങ്ങനെയുള്ള എത്ര മാതാപിതാക്കൾ ഉണ്ടെന്ന് പരിശോധിക്കുക. പിന്നെ അവർക്ക് മനസ്സിലാക്കിക്കൊടുക്കുക.

ഞാൻ ഈയിടെ യു.കെയിൽ രണ്ട് വിവാഹങ്ങൾ നടത്തിക്കൊടുത്തിരുന്നു. സുരക്ഷിതമായിരിക്കുന്നതിന്ന് കുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കാൻ നിങ്ങൾ മാതാപിതാക്കളെ നേരത്തെ തന്നെ ഉപദേശിക്കുക. എന്നാൽ മാതാപിതാക്കൾ സമ്മതിക്കാതിരിക്കുകയും വാശിപിടിക്കുകയുമാണെങ്കിൽ അവർ ഞങ്ങളെ സമീപിച്ചാൽ വിവാഹം നടത്തിക്കൊടുക്കുമെന്നും അങ്ങനെ അവർ തെറ്റുകളിൽ നിന്ന് രക്ഷപ്പെടുകയും സുരക്ഷിതാരാവുകയും ചെയ്യുമെന്നും പറയുക. പക്ഷേ അത്തരം എല്ലാ കേസുകളിലും എന്റെ അനുവാദം വാങ്ങിയിരിക്കേണ്ടതാണ്.

മാതാപിതാക്കൾക്കും കൗൺസലിങ്ങ് അനിവാര്യമാണ്. അവരെ തനിയെ വിളിപ്പിച്ച് കൗൺസിലിങ്ങ് നടത്തുക.

ചില മാതാക്കൾ അഭ്യസ്തവിദ്യരായിരുക്കും, എന്നാൽ ചിലർ നിരക്ഷരരുമായിരിക്കും. അതുകൊണ്ടുതന്നെ ഇരുകൂട്ടരുടെയും ചിന്താഗതികളും വ്യത്യസ്തമായിരിക്കും. അവരുടെ ചിന്തകളേയും വീക്ഷണങ്ങളേയും പരിഗണിച്ചുകൊണ്ടായിരിക്കണം കൗൺസലിങ്ങ് നടത്തേണ്ടത്.

ചിലപ്പോൾ, കല്യാണശേഷവും പെൺകുട്ടി പഠിക്കുമെന്നും അതി

ന്റെ ചെലവുകൾ ചെക്കന്റെ വീട്ടുകാർ വഹിക്കണമെന്നും നിബ ന്ധന വെക്കുന്നു. ഇത് തെറ്റാണ്. കല്യാണശേഷം പഠിക്കണമെ ങ്കിൽ ഭർത്താവിന്റെ അനുവാദത്തോടെ ആയിരിക്കണം. അല്ലെ ങ്കിൽ സ്വന്തം വീട്ടിൽ നിന്ന് പഠിച്ചശേഷം വന്നാൽ മതി.

(ഖുദ്ദാമിലും ലജ്നയിലും വിവാഹകാര്യങ്ങൾക്കായി ആരെയെ ങ്കിലും നിയമിക്കണമെന്ന അഭിപ്രായം വന്നപ്പോൾ ഹുസൂർ പറ ഞ്ഞു:) ഇക്കാര്യത്തിൽ യഥാർഥ ഉത്തരവാദിത്വം ജമാഅത്തിന്റെ റിശ്ത്താനാത്ത(വൈവാഹിക) വിഭാഗത്തിന്റേതാണ്. എങ്കിൽകൂടി ഖുദ്ദാമിൽ ഒരു മുആവിൻ(സഹായി) സദറും ലജ്നയിൽ ഒരു മുആ വിന സദറും നിശ്ചയിക്കപ്പെടാവുന്നതാണ്. അവരുടെ ചുമതല, തന്താങ്ങളുടെ ലിസ്റ്റ് അപ്ഡേറ്റ് ചെയ്യലായിരിക്കും. അതുപോ ലെ ലജ്നകളുടെ ഭാഗത്തുനിന്നും റിശ്ത്താനാത്തയെക്കുറിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുമ്പോൾ മാതാക്കളേയും പെൺകു ട്ടികളേയും ക്ഷണിക്കുകയും ഇതുസംബന്ധിച്ച ഇസ്ലാമികാധ്യാ പനങ്ങൾ പറഞ്ഞു കൊടുക്കുകയും വേണം. ഇതൊക്കെ മുആവന സദ്റിനെ ഏൽപ്പിക്കാവുന്നതാണ്. അതുപോലെതന്നെ മുആവിൻ സദ്ർ ഖുദ്ദാമിനും ഇങ്ങനെ ചെയ്യാവുന്നതാണ്. എന്നാൽ ഇവർ രണ്ടുപേരും താങ്കൾക്ക് കൃത്യമായി റിപ്പോർട്ടുകൾ നല്കുവാൻ ബാധ്യസ്ഥരല്ല. അവർക്ക് അവരുടെ സംവിധാനമായിരിക്കും. താങ്ക ളുടെ പക്കലുള്ള ലിസ്റ്റ് അപ്ഡേറ്റ് ചെയ്യാൻ സദ്ർ ഖുദ്ദാം/ലജ്ന മുഖേന ലിസ്റ്റുകൾ വാങ്ങാവുന്നതാണ്. എല്ലാ മാസാവസാനവും താങ്കൾക്ക് അവരോട് ലിസ്റ്റ് വങ്ങാവുന്നതാണ്.

## ഹുസൂർ തിരുമനസ്സ്, യു.കെ.യിലെ റിശ്ത്താനാത്താ (വൈവാഹിക വകുപ്പ്) കമ്മിറ്റിയുമായുള്ള മീറ്റിംഗിൽ നല്കിയ നിർദ്ദേശങ്ങൾ

ഹുസൂർ പറയുന്നു : കഴിഞ്ഞ വർഷം എത്ര വിവാഹങ്ങൾ നടന്നു? അവയിൽ എത്ര എണ്ണം തലാഖും ഖുലയും ആയി? എന്ന് റിശ്ത്താനാത്ത വിഭാഗം അവലോകനം നടത്തേണ്ടതാണ്. ഇവിടെ നടന്ന 270 വിവാഹങ്ങളിൽ എത്ര തലാഖുകളും ഖുലകളും ഉണ്ടായി? യൂറോപ്പിൽ വിവാഹബന്ധം തകരുന്ന രോഗം വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ബന്ധങ്ങൾ വേർപെടുന്നു. തർബിയത്ത് വിഭാഗം ഒരുപാടു കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. തർബിയത്ത് വിഭാഗവും ഇസ്ലാഹി കമ്മിറ്റികളും ഒരുമിച്ച് പ്രവർത്തിക്കണം. ഇസ്ലാമികാധ്യാപനങ്ങൾ എന്താണെന്നും ഭാര്യഭർത്താക്കന്മാരുടെ കടമകളും കർത്തവ്യങ്ങളും എന്തൊക്കെയാണെന്നും എല്ലാവർക്കും പറഞ്ഞുകൊടുക്കുക. എന്തിനാണ് കല്യാണം കഴിക്കുന്നതെന്നും അതുകൊണ്ടുള്ള ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും ബോധവൽക്കരിക്കുക.

എല്ലാമാസവും അമീർ സാഹിബിന്റെ സാന്നിധ്യത്തിൽ രിശ്ത്താനാത്ത വിഭാഗത്തിന്റെയും ഇസ്ലാഹി കമ്മിറ്റിയുടെയും മീറ്റിംഗ് നടത്തേണ്ടതാണ്. അതിൽ എല്ലാ കാര്യങ്ങളും ചർച്ച ചെയ്യണം.. രണ്ടോ മൂന്നോ മാസം കൂടുമ്പോൾ ഖുദ്ദാം, ലജ്ന, അൻസാർ എന്നിവയുടേയും ജമാഅത്തീ തലത്തിലും മാതാപിതാക്കൾ, യുവതീയുവാക്കൾ എന്നിവരുടെ സെമിനാറുകൾ നടത്തേണ്ടതാണ്. ലജ്നകൾക്കു പ്രത്യേകമായ നിലയിൽ സെമിനാറുകൾ നടത്താവുന്നതാണ്.

ചില ബന്ധങ്ങൾ തകരാനുള്ള കാരണം പെൺകുട്ടികളുടെ തെറ്റായ പ്രതീക്ഷകളും ശീലങ്ങളുമാണ്. ചെക്കന്റെ സാമ്പത്തിക നിലവാരം സാവകാശമാണ് നല്ലനിലയിൽ എത്താറുള്ളത്. ജോലി ലഭിക്കുന്നു. പിന്നെ പതുക്കെപ്പതുക്കെ ശമ്പളം വർദ്ധിച്ചുവരുന്നു. ഇതിനൊക്കെ സമയം എടുക്കുന്നു. എന്നാൽ പെൺകുട്ടികൾ ആദ്യം മുതലേ തെറ്റായ പ്രതീക്ഷകളും ശീലങ്ങളും വെച്ചു പുലർത്തുന്നു.

ഇവിടെ തർബിയ്യത്ത്  നല്കേണ്ടത് മാതാപിതാക്കളുടെയും ബാധ്യതയാണ്.
പെൺകുട്ടികളുടെ ആക്റ്റിവിറ്റീസും തിരക്കുകളുമെല്ലാം എന്താണെന്നു മനസ്സിലാക്കാൻ സാധിക്കുന്നു. എന്നാൽ ആൺകുട്ടികളുടെ ആക്റ്റിവിറ്റീസ് എന്താണെന്നു പരിശോധിക്കേണ്ടതാണ്. ഇത്തരം തർബിയ്യത്തുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തന്നെയാണ് പിന്നീട് റിശ്ത്താനാത്തയുടെ  പ്രശ്നങ്ങളായി  മാറുന്നത്.
((മാരേജ്)വെബ്സൈറ്റുകളെക്കുറിച്ച് ഹുസൂർ പറഞ്ഞു:) ഫോട്ടോകൾ പ്രദർശിപ്പിക്കരുത്. എന്ത് സെക്യൂരിറ്റിയാണുള്ളത്? വിവാഹം നടക്കുമെന്നാകുമ്പോൾ അതിനെതിരിൽ തെറ്റായ സംഗതികൾ മറ്റുള്ളവരോട് അല്ലെങ്കിൽ വിവാഹം ഉറപ്പിച്ചവീട്ടിൽ ചിലകൂട്ടർ എത്തിക്കുന്നു. അങ്ങനെ ചിലരാകട്ടെ വിവാഹം മുടങ്ങിയാൽ പിന്നെ മറ്റൊരിടത്തും വിവാഹം നടക്കാതിരിക്കാൻ പെൺകുട്ടിയെക്കുറിച്ച് ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. അത്തരം കാര്യങ്ങൾ അറിയാനിടയാകുമ്പോൾ ഞാൻ അവരെ ജമാഅത്ത് സംവിധാനത്തിൽ നിന്നും  പുറത്താക്കുകയാണ്  ചെയ്യാറുള്ളത്.
ഏതെങ്കിലും ചെക്കൻ ഇപ്രകാരം ആരെകുറിച്ചെങ്കിലും ആക്ഷേപമുന്നയിച്ച് ദുർധാരണ ഉണ്ടാക്കിയാൽ എനിക്ക് വിവരം നൽകേണ്ടതാണ്. ഇസ്‌ലാഹി കമിറ്റി തങ്ങളുടെ ജോലി ചെയ്തു കൊള്ളട്ടെ, പക്ഷേ എനിക്ക് അതേക്കുറിച്ച് റിപ്പോർട്ട് വരേണ്ടതാണ്.
റിശ്ത്താനാത്തയെക്കുറിച്ച് എവിടെ നിന്ന് ലഭിക്കുന്ന അഭിപ്രായമാണെങ്കിലും അതേക്കുറിച്ച് പര്യാലോചന നടത്തേണ്ടതാണ്.  ഈസ്റ്റ് ലണ്ടനിൽ നിന്നും വന്ന ഒരു റിപ്പോർട്ട് താങ്കൾക്ക് അയച്ചുതന്നിരുന്നു.
(സെമിനാറുകൾ നടത്തണമെന്ന അഭിപ്രായം വന്നപ്പോൾ ഹുസൂർ പറഞ്ഞു:)  നടത്തണം എന്നത് മാറി  ‘നടത്തി’ എന്ന അവസ്ഥയിലേക്ക് എത്തണം. (അപ്പോൾ ഹുസൂർ തിരുമനസ്സിന്റെ സവിധത്തിൽ എട്ട് സെമിനാറുകൾ നടത്തിയതിന്റെ റിപ്പോർട്ട് നല്കുകയുണ്ടായി.)
ഈസ്റ്റ് ലണ്ടൻ ജമാഅത്തിൽ ഒരുപാട് പ്രശ്നങ്ങളുണ്ട്. അതിലേക്ക് ശ്രദ്ധചെലുത്തുക. ബ്രഡ്ഫോർഡ്, ഹഡ്ൽസ്ഫീൽഡ് എന്നിവിടങ്ങളിലും പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. ഈസ്റ്റ് ലണ്ടനിൽ അവസരം മുതലെടുതുകൊണ്ട് ജമാഅത്ത് വ്യവസ്ഥിതിക്കെതിരെ തെറ്റിദ്ധാരണ ഉണ്ടാക്കാൻ ശ്രമിക്കുന്നുണ്ട്.

താങ്കളുടെ സ്റ്റാഫ് നല്ല രീതിയിൽ സൗമ്യമായി ജനങ്ങളോട് ഇട പെടേണ്ടതാണ്. ജനങ്ങൾ എന്തും പറഞ്ഞു കൊള്ളട്ടെ, പക്ഷേ താങ്കളുടെ റിശ്ത്താനാത്ത/വസിയ്യത്ത് തുടങ്ങിയ ഓഫീസുകളിൽ നിന്നുമുള്ള മറുപടി കേട്ട് തെറ്റിധാരണകളിൽ അകപ്പെടുന്നു.
റബ്വയിൽ നിന്നും ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കാലം മുതൽ ഇതുവരെ സ്വരൂപിക്കപ്പെട്ടിട്ടുള്ള റിശ്ത്താനാത്തയെ സംബ ന്ധിച്ച നിർദ്ദേശങ്ങൾ വരുത്തിക്കുക. അതിൽ പുന:പരിശോധന കൾ നടക്കുന്നുണ്ട്.
ലിസ്റ്റുകൾ തയ്യാറാക്കേണ്ടതാണ്. പാകിസ്ഥാനിൽ കുടുംബവ്യവ സ്ഥിതിയാണ്. മുഗൾ, സയ്യിദ് തുടങ്ങിയവ. എന്നാൽ ഇവിടെ വെ വ്വേറെ സമുദായങ്ങളാണ്. ആഫ്രിക്ക, അമേരിക്ക, യൂറോപ്പ് എന്നി വിടങ്ങളിലേക്കും ബന്ധങ്ങൾ നടത്തുന്നു. ഇവയൊക്കെ വിലയിരു ത്തേണ്ടതാണ്.
(റബ്വയിലെ അൽഫദ്ൽ 2010 ഡിസംബർ 24 ലക്കത്തിൽ പ്രസി ദ്ധീകരിച്ചിട്ടുള്ള വൈവാഹിക സംബന്ധമായ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ ഒരു ഉദ്ധരണിയെ പരാമർശിച്ചു കൊണ്ട് ഹുസൂർ പറഞ്ഞു;) ഇതിന് നൂറു വർഷം മുമ്പുണ്ടായിരുന്ന അതേ പ്രാധാ ന്യം ഇപ്പോഴും ഉണ്ട്. ഹുസൂർ(അ) ഒരു റജിസ്റ്റർ തയ്യാറാക്കി സൂ ക്ഷിച്ചിരുന്നു.
(പാക്കിസ്ഥാനിലെ ഗിൽഗിത്ത് എന്ന സ്ഥലത്തെക്കുറിച്ച് ഹുസൂർ പറയുന്നു:) അവിടെയുള്ള ആഗാഖാനികളിലെ വിദ്യാസമ്പന്നരായ പെൺകുട്ടികൾ, വരുംതലമുറയെങ്കിലും രക്ഷപ്പെടാനും പഠിപ്പുള്ള വരാകുന്നതിനും എട്ടും ഒമ്പതും ക്ലാസ് പാസ്സായ ആൺകുട്ടികളെ വിവാഹം കഴിച്ചിട്ടുണ്ട്.
പല സംഭവങ്ങളും മുന്നിൽ വരാറുണ്ട്. ഉദാഹരണത്തിന്, ചെക്കന് കാനഡയിൽ പോകണം, സ്ഥിരതാമസമാക്കാനാണ് ആഗ്രഹം എന്നാൽ പെണ്ണ് കാനഡയിൽ പോകാൻ കൂട്ടാക്കുന്നില്ല. അവർക്കു പറഞ്ഞു കൊടുക്കുക, പെൺകുട്ടികളെയാണ് കെട്ടിച്ചയക്കാറു ള്ളത്. ആൺകുട്ടികളെയല്ല.
ഇരുകൂട്ടരോടും, പ്രത്യേകിച്ച് പെൺകുട്ടിയുടെ വീട്ടുകാരോട് പറ യുക, അവരോട് മുഴുവൻ കാര്യങ്ങളും വിശദമായി ചോദിച്ചറി യുന്നത്, ചെക്കന്റെ ആളുകൾ വിവാഹാന്വേഷണവുമായി പെണ്ണി ന്റെ വീട്ടിൽ പോകുന്നതിനുമുമ്പ് അവർ എല്ലാ അവസ്ഥകളും

സ്ഥിതിഗതികളും അറിഞ്ഞിരിക്കാൻ വേണ്ടിയാണ്. അല്ലാതെ ഒരു വിവരവും മനസ്സിലാക്കാതെ വീട്ടിൽപോയി പെണ്ണുകണ്ട് ഭക്ഷ ണവും കഴിച്ച് തിരികെ വീട്ടിൽ എത്തി തിരസ്കരിക്കുന്ന അവസ്ഥ യുണ്ടാകരുത്. നേരത്തെ തന്നെ എല്ലാ വിവരങ്ങളും അറിഞ്ഞി രുന്നാൽ പിന്നെ ഇങ്ങനെ സംഭവിക്കുന്നതല്ല.

പെൺകുട്ടിയെക്കുറിച്ച് വിശദമായി തന്നെ വ്യക്തിപരമായ കാര്യ ങ്ങൾ അറിഞ്ഞുവെക്കാവുന്നതാണ്. എന്നാൽ അവയൊക്കെ രഹ സ്യമായി വെക്കണം.

(യു.കെ.അമീർ സാഹിബ് പറഞ്ഞു : ഫോട്ടൊ കണ്ടശേഷം വേണ്ടെ ന്നുവെക്കുന്നു.) ഹുസൂർ പറഞ്ഞു :) ആദ്യം വിശദാംശങ്ങൾ പറ ഞ്ഞു കൊടുക്കുക. പിന്നീട് ഫോട്ടൊ കാണിക്കുക.

മാതാപിതാക്കൾക്കും തർബിയ്യത്ത് നല്കേണ്ടത് അനിവാര്യമാണ്. വീട്ടിൽ നല്ല അന്തരീക്ഷവും മാതാപിതാക്കൾ സന്തുഷ്ടരുമാണെ ങ്കിൽ കുട്ടികൾക്കും നല്ല തർബിയ്യത്ത് ലഭിക്കുന്നതാണ്. നവ വധുവിനും നല്ല കുടുംബാന്തരീക്ഷം ലഭിക്കുന്നതാണ്.

വിവാഹബന്ധത്തിനു മുമ്പു മാത്രമല്ല അതിനു ശേഷവും താങ്ക ളുടെ വകുപ്പ് ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഖുദ്ദാമും ലജ്നയും റിശ്ത്താനാത്തയുടെ കാര്യങ്ങൾ ചെയ്യുന്നെ ങ്കിൽ ചെയ്തു കൊള്ളട്ടെ, താങ്കൾ താങ്കളുടെ ജോലി നിർവഹി ക്കേണ്ടതാണ്. പല സ്ഥലങ്ങളിൽനിന്നും വിവരങ്ങൾ ലഭിക്കുക യും കൂടുതൽ പരിശോധനകൾ നടക്കുന്നതുമാണ്. പ്രവർത്തന ങ്ങളും നന്നാകും

((മാരേജ്)വെബ്സൈറ്റിനെക്കുറിച്ച് ഹുസൂർ പറഞ്ഞു:) നല്ലതു തന്നെ, എല്ലാ വിധത്തിലുള്ള മുൻകരുതലുകളോടും കൂടി തുടങ്ങാ വുന്നതാണ്.

(ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് (അ)ന്റെ ഉദ്ധരണിയെക്കുറിച്ച് പറഞ്ഞു) നല്ലതുതന്നെ, അത് തർജമ ചെയ്യുക, അഖ്ബാറെ അഹ് മദിയ്യാ (പ്രസിദ്ധീകരണത്തിലും) വെബ്സൈറ്റിലും കൊടുക്കുക.

വിവാഹബന്ധങ്ങൾ ആലോചിക്കാനും നിശ്ചയിക്കാനും സ്വന്തം നിലക്ക് ആരെങ്കിലും ശ്രമിക്കുന്നുണ്ടെങ്കിൽ അത് ചെയ്തുകൊ ള്ളട്ടെ. എന്നാൽ അവരുടെ പരിശ്രമം ഫലപ്രദമാകുകയും വിവാ ഹം നിശ്ചയിക്കപ്പെടുകയും ചെയ്താൽ അക്കാര്യം താങ്കൾ അറി യേണ്ടതാണ്. ലിസ്റ്റിൽ നിന്നും അത് നീക്കംചെയ്യുക. താങ്കൾക്കു

ഉടൻതന്നെ അപ്പപ്പോൾ വിവരങ്ങൾ കിട്ടേണ്ടതാണ്. വിവാഹനിശ്ച യത്തിനും നിക്കാഹിനും ഇടയിൽ അഞ്ചാറുമാസങ്ങളുടെ ഇടവേ ളയുണ്ടായിരിക്കാം. നിശ്ചയത്തിനുശേഷം ആരെങ്കിലും മറ്റൊരു വിവാഹാന്വേഷണവുമായി പോകുകയും അത് ഇഷ്ടപ്പെടുകയും ചെയ്താൽ നിശ്ചയിച്ചുറപ്പിച്ച ബന്ധം അവസാനിപ്പിക്കുകയും പിന്നെ പ്രശ്നങ്ങൾ ആരംഭിക്കുകയുമായി.

യു.കെ.ക്കു പുറത്തു വിവാഹം ചെയ്യില്ല എന്നു പെൺകുട്ടികൾ പറ യുന്നു. അത് തെറ്റാണ്. മറ്റുള്ളവരെയും അവർ ചീത്തയാക്കുകയാണ്. കൃത്യമായി താങ്കൾ എനിക്കു റിപ്പോർട്ടു നല്കേണ്ടതാണ്. താങ്ക ളുടെ കാര്യങ്ങൾ എനിക്ക് അറിയാൻ സാധിക്കുന്നില്ല.

ജമാഅത്തിലെ തർബിയത്ത് വകുപ്പ് പൂർണ്ണമായ നിലയിൽ പ്രവർ ത്തിക്കുന്നില്ല. ചിലവീടുകളിൽ പെൺകുട്ടികൾ വലുതായിരിക്കുന്നു. പ്രായം അധികരിക്കുന്നു, മാതാപിതാക്കൾ കണ്ണടക്കുകയും പെൺ കുട്ടികൾ അവരുടെ ഇഷടപ്രകാരം വിവാഹിതരാകുകയും ചെയ്യുന്നു. റിശ്ത്താനാത്ത വളരെ പ്രധാനപ്പെട്ട വകുപ്പാണ്. താങ്കൾ എപ്പോഴും ഇക്കാര്യത്തിൽ ശ്രദ്ധിക്കുകയും കൃത്യമയി റിപ്പോർട്ട് വരുകയും വേണം.

കാര്യങ്ങൾ തുറന്നു പറയാൻ കഴിയുന്നതിന്നു വേണ്ടി പെൺകുട്ടി കൾക്കു പ്രത്യേകം സെമിനാർ നടത്തേണ്ടതാണ്.

കാര്യങ്ങൾ തുറന്നു പറയാൻ കഴിയുന്നതിന്നു വേണ്ടി ഖുദ്ദാമിനും പ്രത്യേക സെമിനാർ നടത്തേണ്ടതാണ്.

താല്കാലിക പ്രയോജനത്തിനും ആഗ്രഹങ്ങൾക്കും വേണ്ടി വരും തലമുറയെ ജമാഅത്തിൽ നിന്നും അകറ്റാതിരിക്കുക. നിങ്ങളുടെ ബന്ധങ്ങൾ നിലനിറുത്തുന്നതോടൊപ്പം വരുംതലമുറയെ സംര ക്ഷിക്കേണ്ടതുമാണ്. തങ്ങളുടെ മക്കളുടെ സംരക്ഷണത്തിനായി ത്യാഗങ്ങൾ വരിയ്ക്കുക. വിശാലമനസ്കതയും ക്ഷമയും സ്വായ ത്തമാക്കുക.

നമ്മൾ എന്തിനാണ് അഹ്മദികളായത്, അതിന്റെ പ്രാധാന്യമെ ന്താണ്, നമ്മൾ എങ്ങനെയാണ് നമ്മുടെ വ്യക്തിത്വം നിലനിർത്തേ ണ്ടത് എന്നെല്ലാം അവരെ ബോധവാന്മാരാക്കേണ്ടതാണ്. നാം അഹ്മദികളായതെന്തിനാണ്? മസീഹ് മൗഊദിനെ എന്തിനാണ് അംഗീകരിച്ചത് തുടങ്ങിയ സർവസാധാരണമായ കാര്യങ്ങളും എല്ലാവരും അറിഞ്ഞിരിക്കേണ്ടതാണ്.